


1002-

1952

പാലാ വലിയ പള്ളി



ശതാബ്ദ്യജുബിലിയാഘോഷം


00095402

പാലാ വലിയപള്ളി

ശതാബ്ദ്യാനുബന്ധിയാഘോഷം

1002—

1952



Report
Published by
The Jubilee Celebration Committee
1954

Price Re. 0—14—0

St. Thomas Press, Palai.

Dharmaram College Library
Acc. No. 95402
Call. No. J63/P170



പരി. പിതാവ് പത്രോസ് പീയൂസ് ഏഴാമൻ തിരുമനസ്സുകൊണ്ട്.



പരി. പിതാവു് പന്ത്രണ്ടാം പിയൂസു് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു്.

പ്രസ്താവന

ജൂബിലി ആഘോഷങ്ങളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ടാണ് ഇപ്പോൾ കമ്മറിയിൽനിന്നും പ്രസിദ്ധീകരിക്കുന്നത്. ഒരു സ്മാരകഗ്രന്ഥം (Souvenir) തന്നെ പ്രസിദ്ധപ്പെടുത്തണമെന്നായിരുന്നു പൊതുവെയുള്ള അഭിപ്രായം. അതിനായി ഒരു പ്രത്യേക കമ്മറിയേയും തിരഞ്ഞെടുത്തിരുന്നു. എന്നാൽ പ്രതീക്ഷ അനുസരിച്ചുള്ള ഫണ്ട് പിരിഞ്ഞുകിട്ടാതെ വന്നപ്പോൾ ചിലവിനങ്ങൾ വെട്ടിക്കുറയ്ക്കാതെ തരമില്ലെന്നായി. അതിനാൽ സ്മാരകഗ്രന്ഥപ്രസിദ്ധീകരണം മാറ്റിവയ്ക്കേണ്ടതായിവന്നു.

ആഘോഷചടങ്ങുകളെല്ലാം കഴിഞ്ഞപ്പോൾ കുറച്ചു പണം മിച്ചംവന്നു. അപ്പോൾ ആഘോഷങ്ങളുടെ ഒരു റിപ്പോർട്ടും നമ്മുടെ പള്ളിയുടെ ചുരുങ്ങിയ ഒരു ചരിത്രവും കൂടി ചേർത്ത് ഒരു ലഘുഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതു് ഉചിതമായിരിക്കുമെന്നു് പലരും അഭിപ്രായപ്പെട്ടു. അങ്ങനെയാണു് ഈ പ്രസിദ്ധീകരണത്തിനു് ഇടയായതു്.

പള്ളിയുടെ ചരിത്രം എഴുതുന്നതു വളരെ പ്രയാസമുള്ള ഒരു കാര്യമാണല്ലൊ. പള്ളിസംബന്ധമായ ചരിത്രവിവരങ്ങൾ നിശ്ചയമുള്ളവരും ചരിത്രരേഖകൾ കൈവശമുള്ളവരും ഭയവായി കമ്മറി പ്രസിഡൻറിനെ വിവരം അറിയിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഒരു പരസ്യം പത്രങ്ങളിൽ പ്രസിദ്ധം ചെയ്തിരുന്നുവെങ്കിലും കാര്യമായ യാതൊരു പുതിയ വിവരവും ലഭിച്ചില്ല.

ലഭിച്ച വിവരങ്ങൾതന്നെ പരസ്പരവിരുദ്ധവും ചരിത്രദൃഷ്ട്യാ വിലയില്ലാത്തവയും ആയിരുന്നു. അതുകൊണ്ട് പള്ളിയിലുള്ള റിക്കാർഡുകളും പരമ്പരാഗതമായ അറിവുകളും അടിസ്ഥാനപ്പെടുത്തി ഒരു സംക്ഷിപ്തചരിത്രലേഖനം മാത്രമാണ് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നത്. ഈ ചരിത്രലേഖനത്തെ സ്ഥിരീകരിക്കപ്പെട്ട ചരിത്രരേഖയായി പരിഗണിക്കണമെന്നില്ല. ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെപ്പറ്റി അഭിപ്രായവ്യത്യാസം ഉണ്ടാവാം. എന്നാൽ ശരിയായ ചരിത്രവിവരങ്ങൾ ശേഖരിക്കുന്നതിനു ഈ ലേഖനം സഹായമായിരിക്കുമെന്ന് കമ്മറ്റി പ്രതീക്ഷിക്കുന്നു.

ജൂബിലി ആഘോഷങ്ങൾ 1952 ഡിസംബറിൽ നടത്തണമെന്നായിരുന്നു ആദ്യത്തെ നിശ്ചയം. ഈ ആഘോഷങ്ങൾ ഉൽഘാടനം ചെയ്യുവാൻ പരമസ്ഥ തിരു: സംഘത്തിന്റെ സിക്രട്ടറിയായ അത്യുന്നത കർദ്ദിനാൾ ടിസ്സറണ്ട് തിരുമേനിയെ ക്ഷണിക്കണമെന്നും അന്ന തീരുമാനിച്ചു. തിരുമേനിയുടെ ഭാരത സന്ദർശനപ്രോഗ്രാം ഭേദപ്പെടുത്തിയതനുസരിച്ചാണ് ജൂബിലി തീയതിയും മാറ്റിവയ്ക്കേണ്ടിവന്നത്.


നമ്മുടെ വന്ദ്യപിതാവു തോമ്മാശ്ലീഹായുടെ പ്രത്യേകാനുഗ്രഹത്താൽ ഈ ജൂബിലിയാഘോഷങ്ങൾ എല്ലായും മോടിയായി നടത്തുവാൻ കഴിഞ്ഞു എന്നുള്ളതു നമുക്കു ഏവർക്കും ചാരിതാർത്ഥ്യജനകമാണ്. കർദ്ദിനാൾ തിരുമേനിയുടെ പാലാ സന്ദർശനവും വി. തോമ്മാശ്ലീഹായുടെ ഭൌതികാവശിഷ്ടങ്ങൾ ചുംബിക്കുവാൻ ലഭിച്ച അവസരവും ജൂബിലി സ്മാരകമായി പണിചെ

യുവാനിരിക്കുന്ന കത്തീഡ്രൽ ദേവാലയത്തിന്റെ ശിലാസ്ഥാപനവും, പാലാ വലിയ പള്ളിയുടെ അഭിമാനകരമായ ദീർഘകാല ചരിത്രത്തിൽ സുപ്രധാനമായ ഒരു അദ്ധ്യായമാണ് കുറിക്കുന്നത്. അവിസ്മരണീയമായ ഈ സംഭവങ്ങളുടെ ഒരു രേഖ ഉണ്ടായിരിക്കണമെന്നുള്ള ഉദ്ദേശ്യത്തിലാണ് ഈ റിപ്പോർട്ട് പ്രസിദ്ധം ചെയ്യുന്നത്. ഇതിന്റെ കുറവുകൾ സഹൃദയർ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.


കമ്മറ്റി അംഗങ്ങൾ

1. റവ: ഫിലിപ്പ് വാലിയിൽ, കത്തീഡ്രൽപള്ളി വികാരി (പ്രസിഡൻറ്)
2. റവ: സി. റ്റി. കൊട്ടാരം, ബി. എ., എൽ. റ്റി., എൽ. ഡി
3. ശ്രീ. സി. എം. കട്ടക്കയം
4. " ജോജ്ജ് തോമ്മസ് കൊട്ടുകാപ്പിള്ളി
5. " കെ. സി. സെബാസ്റ്റ്യൻ ബി. എ., എൽ. റ്റി.
6. " എ. ഒ. ജോസഫ് എം. എ., എൽ. റ്റി.
7. " കെ. കെ. ജോസഫ് ബി. എ.
8. " തൊമ്മൻ ചെറിയ മേനാംപറമ്പിൽ
9. " താണോലിൽ അന്തോനി

ചിത്രം 1. ഗുരുവായൂർ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ ഗോപുരം



പാലാ വലിയപള്ളിയുടെ പിൻഭാഗം



പള്ളിക്കടവിൽനിന്നുള്ള പ്രകൃതിരമണീയമായ കാഴ്ച

പാലാ വലിയ പള്ളിയിലെ

ശതാബ്ദപൂർത്തി

മഹോത്സവങ്ങൾ

ആമുഖം.

ക്രിസ്താബ്ദം 1952 ഭാരതത്തിന്റെ സങ്കീർണ്ണമായ ചരിത്രത്തിൽ അതിപ്രധാനമായ ഒരു സംവത്സരമാണ്. ഈ മഹാരാജ്യത്തിന്റെ മതാത്മകമായ ചിന്താവീഥികളിൽ ഒരു നവ്യസന്ദേശ പ്രസരത്തിന്റെ 19-ാം ശതാബ്ദപൂർത്തിയാണിതു കുറിച്ചതു്. ഐതിഹ്യമനുസരിച്ച് ക്രിസ്തു ശിഷ്യന്മാരിലൊരാളായ മാത്തോമ്മാ സൊക്കോട്രാ ദ്വീപിൽ നിന്നും ഒരു കച്ചവടക്കപ്പലിൽ ഭാരതത്തിൽ വന്നുചേരുകയും അവിശ്രാന്തമായ പ്രചരണം മൂലം ഗണ്യമായ ഒരു ജനവിഭാഗത്തെ ക്രിസ്തുമതാനുയായികളാക്കിത്തീർക്കുന്നതിനുള്ള പരിശ്രമം സമാരംഭിക്കുകയും ചെയ്തതു് എ. ഡി. 52–ലാണ്. അതിനാൽ ഇൻഡ്യയിൽ ക്രിസ്തുമതത്തിനു സാമാന്യത്തിലധികം പ്രാബല്യമുള്ള കേരളത്തിനു പൊതുവെയും, പുരാതനകാലംമുതല്ക്കേ മാത്തോമ്മാക്രിസ്ത്യാനികൾ എന്ന അഭിധാനത്തിൽ അഭിമാനിച്ചുവരുന്ന കേരളീയസുറിയാനിക്കാർക്കു് പ്രത്യേകിച്ചും ഈ സംവത്സരം പൌരാണിക സ്മരണകളെ ഉത്തേജിപ്പിക്കുന്ന ഒരസുലഭ സന്ദർഭമായിപ്പരിണമിച്ചു. തന്നിമിത്തം ഈ ശതാബ്ദപൂർത്തി ഏറ്റവും മോടിയായി ആഘോഷിക്കുന്നതിനു കേരളത്തിലെ വൈദികമേലദ്ധ്യക്ഷന്മാർ തീരുമാനിക്കുകയും അതിനുവേണ്ട അനുഗ്രഹാശിസ്സുകൾ നേരത്തെതന്നെ പരിശുദ്ധ സിംഹാസനത്തിൽ നിന്നും സമ്പാദിക്കുകയും ചെയ്തു. ക്രൂടാതെയും ഓരോ ഇടവകയും ശക്ത്യനുസരണം പ്രാദേശികമായ ആഘോഷങ്ങൾ നടത്തി നമ്മുടെ പിതാവിനോടുള്ള ഭക്തി

ബഹുമാനങ്ങൾ പ്രകടമാക്കണമെന്നു് അവർ ഹൃദയപൂർവ്വം ഉൽ ബോധിപ്പിക്കുകയുംചെയ്തു. ഈ അഭിലാഷമനുസരിച്ചു് സമസ്ത കേരളസമ്മേളനങ്ങൾ അത്യുന്നത കർദ്ദിനാൾ നോർമൽ ഗിൽ– റോയി തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ എറണാകുളത്തു വച്ചു നടത്തപ്പെട്ടു. അതിനടുത്തു മുമ്പോ പിമ്പോ കേരളത്തി ലെ മിക്ക സുറിയാനി ഇടവകകളും ഈ ശതാബ്ദപൂർത്തി യഥാ വിധി പ്രാദേശികമായി കൊണ്ടാടുകയുംചെയ്തു.

ഈ സാഹചര്യങ്ങളിലാണു് മാത്തോമ്മാ ശതാബ്ദപൂർത്തി ആഘോഷങ്ങളെ സംബന്ധിച്ചു് പാലാ വലിയപള്ളി യോഗ ത്തിലും ആലോചിക്കുന്നതിനിടയായതു്. ഏതാനും ചില സം ഗതികൾ തദവസരത്തിൽ പ്രത്യേകം സ്മരണീയങ്ങളായി ഭവി ച്ചുപ്പെട്ടു. കൊടുങ്ങല്ലൂർ, കൊല്ലം മുതലായ സ്ഥലങ്ങളിൽ മാ ത്തോമ്മായുടെ നാമത്തിൽ പല പള്ളികളും പണ്ടുണ്ടായിരുന്ന തായി പ്രാചീന രേഖകളിൽ നിന്നും നമുക്കു മനസ്സിലാകുന്നു ണ്ടെങ്കിലും ഇന്നത്തെ സുറിയാനിക്കത്തോലിക്ക ദേവാലയങ്ങളിൽ നമ്മുടെ പിതാവിന്റെ നാമത്തിൽ സ്ഥാപിതമായിട്ടുള്ളവ താര തമ്യേന വളരെ കുറവാണു്. ആ നിലയ്ക്കു് മാത്തോമ്മാനപ്പൂ പ്പന്റെ പാലായിലെ വലിയപള്ളിയ്ക്കു് ഈ ആഘോഷത്തിൽ ഇതര ഇടവകകളിൽ പലതിനേയും അപേക്ഷിച്ചു് ക്രിയാത്മകമായി പ്രവർത്തിക്കുന്നതിനുള്ള ഒരു ചുമതലയും ന്യായവും ഉണ്ടെന്നു വ്യ ക്തമായി. ക്രിസ്തുവർഷം പത്തൊമ്പതു നൂറാണ്ടുകളുടെ വ്യാപ്തി യിൽക്രിയാത്മകമായി, വി: ശ്ലീഹായുടെ ദൈവത്വത്തിന്റെ അദ്വൈതമികശ കതി ഈ നാട്ടിൽ സാധിച്ചിട്ടുള്ള പരിവർത്തനങ്ങൾക്കും വരുത്തി യിട്ടുള്ള വ്യതിയാനങ്ങൾക്കും ഒട്ടും അപ്രധാനമല്ലാത്ത ഉപകര ണങ്ങളിലൊന്നായി ഏതാണ്ടൊരു സഹസ്രാബ്ദത്തോളം തന്നെ ഈ ദേവാലയത്തിനും ഇടവകയ്ക്കും പ്രവർത്തിക്കുന്നതിനു കഴിഞ്ഞി ട്ടുണ്ടെന്നുള്ളതും സാഭിമാനം സ്മരിക്കപ്പെട്ടു. സർവ്വോപരി, ഈ ശതാബ്ദപൂർത്തിയോടു് ഏറ്റവും സമീപമായ ഒരു കാലത്തു് ഈ ദേവാലയം ഒരു ഭദ്രാസനപ്പള്ളിയായിത്തീരുകയും അങ്ങനെ മാ ത്തോമ്മാക്രിസ്ത്യാനികളുടെ ഭദ്രാസന ദേവാലയങ്ങളിൽ നമ്മുടെ



പുതിയതായി പണികഴിപ്പിക്കുവാൻ പോകുന്ന കത്തീഡൽ
ദേവാലയത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിച്ച
അതിന്നത കർത്താവിനാൽ എവുജീൻ തിസ്സറാങ്ങ്
തിരുമനസ്സുകൊണ്ടു്.

പിതാവിന്റെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള ഏക കത്തീഡ്രൽ എന്ന ബഹുമാന്യ പദവിക്കർഹമായിത്തീരുകയും ചെയ്തുവെന്നുള്ള വസ്തുതയും സവിശേഷം പരിഗണിക്കപ്പെട്ടു. ഈ പ്രത്യേക പരിതസ്ഥിതികളിൽ മാത്തോമ്മാ ശതാബ്ദപൂർത്തിയും അതോടൊന്നിച്ച് ഈ ദേവാലയത്തിന്റെ 950-ാം സംവത്സരപൂർത്തിയും ഏറ്റവും ആഘോഷപൂർവം കൊണ്ടാടുന്നതിനും തദ്വത്സരത്തിൽ പുതിയ കത്തീഡ്രൽ ദേവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കുന്നതിനും തീരുമാനിച്ചു.

പാലാ വലിയ പള്ളി

പൌരാണികത്വത്തിലും ധനസ്ഥിതിയിലും പാലാ വലിയ പള്ളിയേക്കാൾ പ്രാമാണ്യമർഹിക്കുന്ന പല ദേവാലയങ്ങളും ഇന്നു സുറിയാനിക്രിസ്ത്യാനികൾക്കിടയിലുണ്ട്. എന്നാൽ മതാത്മകവും സാംസ്കാരികവുമായ അഭിവൃദ്ധിമാർഗ്ഗങ്ങളിൽ ഇതിനേക്കാൾ മുന്നിട്ടു പ്രവർത്തിക്കുന്നതിനു കഴിഞ്ഞിട്ടുള്ള ഇടവകകളിൽ ഒന്നാണ്. പള്ളിയുടെ സ്ഥാപനം സംബന്ധിച്ചു ചരിത്രരേഖകളൊന്നുമില്ലെങ്കിലും, ക്രിസ്തുവർഷം 1002 ജൂലൈ 3-ാംനു- മാത്തോമ്മാശ്ലീഹായുടെ നാമത്തിൽ പള്ളിയുടെ കല്ലിടുകയും അടുത്തകൊല്ലം ഏപ്രിൽ മാസത്തിൽ നമ്മുടെ കർത്താവിന്റെ ഉയിർപ്പുതിരുനാൾ ദിവസം വെഞ്ചരിപ്പുകർമ്മം ആഘോഷമായി നിർവ്വഹിക്കുകയുംചെയ്തുവെന്നും പാരമ്പര്യമായി എല്ലാവരും വിശ്വസിച്ചുപോരുന്നു. ഈ കാര്യത്തിൽ മുമ്പിട്ടുനിന്നു പ്രവർത്തിച്ചതു് വയലക്കൊമ്പൻ, തറയൻ, എറകോന്നി, കുട്ടുകൻ എന്നീ നാലു പ്രബല ക്രിസ്തീയകുടുംബക്കാരായിരുന്നു. ഇവരിൽ, രാജസേവകനായ വയലക്കൊമ്പിൽ മാപ്പിള, തെക്കുംകൂർ രാജാവിന്റെ സാമന്തനും മീനച്ചൽ ദേശാധിപതിയുമായിരുന്ന ഞാവക്കാട്ട് അഥവാ മീനച്ചൽ കർത്താവിന്റെപക്കൽനിന്നും ദേവാലയം സ്ഥാപിക്കുന്നതിനുവേണ്ട അനുമതി നേരത്തെതന്നെ സമ്പാദിച്ചിരുന്നു. എന്നിട്ടും പല പ്രതിബന്ധങ്ങളും അവർ അഭിമുഖീകരിക്കേണ്ടതായിവന്നു. ഒരു ക്രിസ്തീയ ദേവാലയം അവരുടെ മദ്ധ്യത്തിൽ

ഉണ്ടാകുന്നതു് സമീപവാസികളായ ചെട്ടികൾക്കു് അസഹ്യമായിത്തോന്നുകയും അതിനാൽ ധനികനായ പാലാത്തുചെട്ടിയുടെ നേതൃത്വത്തിൽ പള്ളിപണി മുടക്കുന്നതിനു അവർ ശക്തിയായ പരിശ്രമങ്ങൾ നടത്തുകയുംചെയ്തു. ഈ അവസരത്തിൽ നാടുവാഴിയായ ഞാവക്കാട്ടു കത്താവു് ക്രസ്ത്യാനികളെ പ്രത്യേകം സഹായിക്കുന്നതിനു സന്നദ്ധനായി. പള്ളിക്കുസമീപം ഒരു ശ്രാമ്പി പണിയിച്ചു് അദ്ദേഹം പരിവാരസമേതം അവിടെവന്നു താമസിക്കുകയും നിർബാധം പണി തുടരത്തക്ക വ്യവസ്ഥകൾ ഏർപ്പെടുത്തുകയുംചെയ്തു. ഈ ദേവാലയം ഒരു അമ്പലത്തിന്റെ ആകൃതിയിലാണു് തീർത്തതെന്നതു വിശ്വസിക്കപ്പെട്ടുപോരുന്നതു്.

1000-ാമാണ്ടു മുതൽ 16-ാം നൂറ്റാണ്ടിൽ പോർത്തുഗീസുകാർ ഈ നാട്ടിൽ വരുന്നതുവരെയുള്ള കാലഘട്ടത്തിൽ പാലാപ്പള്ളിക്കും അതിലെ ഇടവകക്കാർക്കും അസൂയാർഹമായ പുരോഗതിയുണ്ടായി എന്നുള്ളതു സ്പഷ്ടമാണു്. എങ്കിലും അതേപ്പറ്റി പറയത്തക്ക രേഖകളൊന്നുമില്ല. ഈ നീണ്ട ശതാബ്ദങ്ങൾക്കിടയിൽ ദേവാലയ സ്ഥാപകരായ നാലു കുടുംബക്കാർ അനേക ശാഖകളായി പിരിഞ്ഞു് പ്രത്യേക ഗൃഹങ്ങളുണ്ടാക്കി താമസിക്കുകയും അന്യദിക്കുകളിൽനിന്നും അനേകംപേർ കുടിയേറുകയുംചെയ്തുയാൽ ഇടവകക്കാരുടെ സംഖ്യ വളരെയധികം വർദ്ധിച്ചു. അതേസമയംതന്നെ അന്നത്തെ പ്രബലസമുദായമായിരുന്ന ചെട്ടികളിൽ പലരും ദേശാന്തരഗമനം ചെയ്കയുംചെയ്തു. ഈ അനുകൂല പരിതസ്ഥിതികളിൽ ക്രസ്ത്യാനികൾ കൃഷിയിലും കച്ചവടത്തിലും ഏർപ്പെട്ടു് കത്താവിന്റെ ഭരണസീമയിലെ മികച്ച വർത്തക്കാരായിത്തീർന്നു. ജനസംഖ്യയിലും ധനസ്ഥിതിയിലും അഭിവൃദ്ധിയുണ്ടായതോടുകൂടി ആദ്യത്തെ ദേവാലയം പൊളിച്ചു വിസ്തൃതരംകൂട്ടി പണിയുകയുണ്ടായി. വികസിച്ചുകൊണ്ടിരുന്ന ക്രസ്തീയ സമുദായത്തിന്റെ മതാത്മകമായ ആവശ്യങ്ങൾ വേണ്ടപോലെ നിർവ്വഹിക്കുന്നതിനു് അതുകൊണ്ടും മതിയായില്ല. അതിനാൽ 1100-ൽ ഭരണങ്ങാനത്തു് ആനക്കല്ലുങ്കൽ പള്ളിയും 1101-ൽ

ചേപ്പുകൽ മാർസ്ലീവാപ്പള്ളിയും സ്ഥാപിക്കപ്പെട്ടു. ഇങ്ങനെ രണ്ടുപിരിവുകൾ ഉണ്ടായെങ്കിലും പാലാപ്പള്ളി പിന്നെയും അഭിവൃദ്ധിപ്പെട്ടുകൊണ്ടുതന്നെയിരുന്നു. 1425-ാമാണ്ടിടയ്ക്ക് പാലാപ്പള്ളിയുടെ കുരിശുപള്ളിയായി കാണിയേക്കാട്ട് എന്ന സ്ഥലത്തു നെല്ലിയാനിപ്പള്ളിയും സ്ഥാപിക്കപ്പെട്ടു.

അക്കാലത്തെ പള്ളിക്രമങ്ങൾ ഇന്നത്തേതിൽനിന്നു വളരെ ഭിന്നമായിരുന്നു. ഇടവകയിലെ വൈദികക്കൊരുമിച്ചു താമസിക്കത്തക്ക വലിയ കെട്ടിടങ്ങൾ ഒന്നും അന്നുണ്ടായിരുന്നില്ല. പള്ളിയ്ക്കുസമീപം സ്വന്തമായി ചെറിയ ഭവനങ്ങൾ നിർമ്മിച്ചു അവയിലാണ് അവർ താമസിച്ചിരുന്നതു്. അതുപോലെതന്നെ, വൈദികരോ വൈദികാദ്ധ്യക്ഷന്മാരോ മതപരമായ കാര്യങ്ങളിലല്ലാതെ പള്ളിയുടെ മുതൽ സംബന്ധമായ ഭരണത്തിൽ ഒട്ടും തന്നെ ഇടപെട്ടിരുന്നില്ല. അക്കാര്യം ഇടവകപ്രമാണികൾ യഥേഷ്ടം നിർവ്വഹിച്ചുപോന്നു. ഈ പതിവനുസരിച്ച് പാലായിലും പള്ളിസ്ഥാപിച്ച നാലുവീട്ടുകാർതന്നെയാണ് വരവുചിലവുകളെല്ലാം ആദ്യംമുതല്ക്കേ കൈകാര്യം ചെയ്തിരുന്നതു്. ഈ നാലു കുടുംബങ്ങളിൽപ്പെട്ട വീട്ടുകാർക്കു പൂർവ്വകാലംമുതൽ പല അവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരുന്നു. ഏതാണ്ടു് 750 കൊല്ലത്തോളം ഈ സമ്പ്രദായത്തിനു യാതൊരു മാറ്റവും ഉണ്ടായില്ല.

പതിനേഴുമുതൽ പത്തൊമ്പതുവരെയുള്ള രണ്ടു നൂറ്റാണ്ടുകളിൽ സജീവമായ പല പ്രവർത്തനങ്ങളിലും പാലാ ഇടവക ഭാഗഭാഗിത്വം വഹിച്ചിട്ടുണ്ടു്. ക്രമാനുഗതമായ ജനപ്പെരുപ്പവും സ്വജനങ്ങൾ തമ്മിലുണ്ടായ ചിലവാശികളും നിമിത്തം 1627-ൽ പൈങ്ങളം പള്ളിയും 1683-ൽ ളാലത്തു പള്ളിയും സ്ഥാപിക്കുന്നതിനിടയായി. ളാലത്തു പള്ളിസ്ഥാപകൻ തറയിൽ വംശജനായ കുഴവേലിൻ ചെറിയാൻ കുമ്പനായിരുന്നു. ഒരു വർത്തകപ്രമാണിയായ അദ്ദേഹം കൊച്ചിയിൽവച്ചു ഒരു അർമ്മേനിയൻ കച്ചവടക്കാരനുമായി പരിചയപ്പെടുകയും ആ കച്ചവടക്കാരൻ

മാതാവിന്റെ നാമത്തിൽ ഒരുപള്ളി പണിയുന്നതിനു വേണ്ട പണവും പള്ളിക്കുമ്മങ്ങൾക്കുള്ള പല ഉപകരണങ്ങളും കുവ്വൻ മാപ്പിളയെ ഏല്പിക്കുകയുംചെയ്തു. ഈ സംഭവമാണു് പുതിയ പള്ളിയുടെ ഹേതുവായിത്തീർന്നതു്. എങ്കിലും വളരെക്കാലത്തേയ്ക്കു പാലായുടെ ഒരു കുരിശുപള്ളിയായിക്കഴിഞ്ഞ ശേഷമാണു് അതു് ഒരു സ്വതന്ത്ര ഇടവകയായിത്തീർന്നതു്.

ഇക്കാലത്താണു് കേരളീയ സുറിയാനിസഭാ ചരിത്രത്തിലെ അതിപ്രധാന സംഭവങ്ങളായ കൂനൻ കുരിശുസത്യവും യാക്കോബായ ശീശ്മയുടെ ഉത്ഭവവും. അതിനുകളമൊരുക്കിയ ഉദയമ്പേരൂർ സൂനഹദോസിൽ സംബന്ധിച്ച കത്തനാരന്മാരുടേയും ജന പ്രതിനിധികളുടേയുംകൂട്ടത്തിൽ പാലായും പ്രതിനിധികരിക്കപ്പെട്ടുകയും സ്വന്തം രീത്തിനും സ്വന്തം ഭരണക്രമങ്ങൾക്കുംവേണ്ടിയുള്ള ദീർഘസമരത്തിലെ ഈ ആദ്യസംഘട്ടനത്തിൽ അതു പ്രതിനിധികൾ ഉദ്ദേശത്തോടുകൂടി പങ്കെടുക്കുകയുംചെയ്തു. എന്നാൽ അതിനെത്തുടർന്നുണ്ടായ യാക്കോബായ ശീശ്മയിൽ തെക്കുംകൂർ രാജ്യത്തുണ്ടായിരുന്ന പല പള്ളികളും ഉൾപ്പെട്ടുന്നതിനിടയായെങ്കിലും പാലായാകട്ടെ അയൽ പള്ളികളാകട്ടെ, ശിശ്മയിൽ വീഴുകയോ അതിനെ അനുകൂലിക്കുകയൊചെയ്തില്ല. എന്നുമാത്രമല്ല, മാതൃസഭയിൽ നിന്നും വിട്ടുപോയവരെ പുനരൈക്യപ്പെടുത്തുന്നതിനു കഴിയുന്നത്ര പരിശ്രമിക്കുകയുംചെയ്തു. 1778 ൽ കരിയാറ്റിൽ യൌസേപ്പു മല്പാനും പാറെമ്മാക്കൽ തോമ്മാക്കത്തനാരുംകൂടി റോമായിലേക്കുപോയതു പ്രധാനമായി യാക്കോബായക്കാരുടെ പുനരൈക്യം സാധിക്കുന്നതിനുവേണ്ടിയാണല്ലൊ. അവരുടെ യാത്രച്ചിലവുവകയ്ക്കു് പള്ളിയുടെ ഒരു വെള്ളിക്കുരിശാണു് സംഭാവന നല്കിയതു്. ഇതിനൊരു പ്രതി നന്ദിയായി, പാലാവലിയപള്ളിയെന്ന ബഹുമാനപ്പേരും പല പ്രത്യേക ഭണ്ഡവിമോചനങ്ങളും തിരുസിംഹാസനത്തിൽ നിന്നും തോമ്മാക്കത്തനാർ ഈ ദേവാലത്തിനുവേണ്ടി നേടുകയുണ്ടായി. ഈകാര്യം സംബന്ധിച്ചു് ഗോവർണദോർ സ്ഥാനിയായ തോമ്മാക്കത്തനാർ സ്വന്തം കയ്യടയിൽ എഴുതിയ കല്പന



റൈറ്റ് റവ.ഡോ. സെബാസ്റ്റ്യൻ വയലിൽ ഡി.ഡി.,
പാലാ രൂപതയുടെ മെത്രാൻ.

ഇന്നും പള്ളിയിൽ സൂക്ഷിച്ചുവരുന്നു. അതുപോലെതന്നെ തോമ്മാക്കത്തനാരുടെ സമകാലീനനായിരുന്ന തച്ചിൽ മാത്തൂത്തരകൻ നസ്രാണിപ്പട്ടക്കാക്കും മറ്റും നാട്ടിൽ മാന്യമായി സഞ്ചരിക്കുന്നതിനുവേണ്ട പദവികളും നീട്ടിൻപടി മഹാരാജാവിൻെറപക്കൽ നിന്നും സമ്പാദിക്കുന്നതിനു പരിശ്രമിച്ചപ്പോൾ അതിനടിയറവു വയ്ക്കുന്നതിനായി 8850 പണം പള്ളിയിൽ നിന്നും സംഭാവന ചെയ്യുകയുണ്ടായി.

പതിനേഴാം നൂറ്റാണ്ടിൻെറ അവസാന ഘട്ടത്തിൽ പള്ളിയ്ക്ക് ഏറ്റവുംവലിയ ഒരത്യാഹിതം സംഭവിച്ചു. ഏതോ ഒരു മഹമ്മദീയപ്പട പള്ളി തീവച്ചുവച്ചു നശിപ്പിച്ചു. പാശാട വന്ന പള്ളി തയങ്ങും ചൂട്ടും ഇട്ടു വെന്തെരിച്ചു എന്നും മറ്റും പരമ്പരയാ പറഞ്ഞു വന്നിരുന്നതിൽ നിന്നും അതു മുകിലനേയും മറ്റുംപോലുള്ള മുകുംസർദാറന്മാർ വല്ലവരുടേയും ആക്രമണമായിരുന്നിരിക്കാനിടയുണ്ട്. 'പാശാട' പാഷാപടയുടെ തത്ഭവമാകാനും പാടില്ലായ്കയില്ല. ഏതായാലും ഈ സംഭവം പള്ളി പുതുക്കിപ്പണിയുന്നതിനൊരുഹേതുവായി. ഇപ്പോഴത്തെപ്പള്ളി 18-ാം ശതാബ്ദത്തിൻെറ ആരംഭത്തിൽ തീർത്തതാണ്. പള്ളി പണിക്കായ്ത്തിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചതു് ശ്രാമ്പിക്കൽ ഇട്ടൻ മാപ്പിളയാണ്. ഇക്കായ്ത്തിനുവേണ്ടി സചന്തംവസ്തുക്കളും മുഴുവൻ നിസ്വാർത്ഥമായി വിനിയോഗിച്ചു നിഷ്കനനായിത്തീർന്ന ആ മഹാൻഭാവനു് പാലാപ്പള്ളിയുടെ ചരിത്രത്തിൽ സമുന്നതമായ ഒരു സ്ഥാനം എന്നും ഉണ്ടായിരിക്കുന്നതാണ്.

ഈ 18-ാം ശതാബ്ദത്തിൽ പള്ളിഭരണം സംബന്ധിച്ചു് അതിശക്തിയായ ഒരു വടംവലിയുണ്ടായി. പല പുതിയ കുഡുംബക്കാരും ഇക്കാലഘട്ടത്തിൽ ഇടവകാംഗങ്ങളായിത്തീർന്നതുകൊണ്ടാണ് അതിനിടയായതു്. 1736-ാമാണ്ടു് മീനച്ചൽ കുത്താവിൻെറ അനുമതിയോടുകൂടി പാലാ അങ്ങാടി സ്ഥാപിക്കപ്പെട്ടു. അപ്പോൾ കച്ചവടത്തിനായും മറ്റും പലരും അന്യദിക്കുകളിൽനിന്നും ഇവിടെവന്നു താമസം തുടങ്ങി. ക്രൂടാതെയും

യാക്കോബായ ശിശ്മയുടെ ആവിർഭാവത്തോടുകൂടി തെക്കൻ ദിക്കുകളിൽ പലടത്തും മതകലഹങ്ങൾ സാധാരണയായിത്തീർന്നു. അതുകൊണ്ടും അനേകർ ഈ ഭാഗങ്ങളിലേയ്ക്കു ദേശാന്തരഗമനംചെയ്തു. ഇങ്ങനെപുതുതായി വന്നുചേർന്നവരെല്ലാം പാലാപ്പള്ളി ഇടവകക്കാരായിത്തീർന്നെങ്കിലും അവർക്കു പള്ളിഭരണത്തിൽ യാതൊരു കയ്യും ലഭിച്ചില്ല. ഇതിൽ അവർ അസംതൃപ്തരായിത്തീരുകയും പള്ളിസ്ഥാപകരുടെ പ്രത്യേകാവകാശങ്ങളും അധികാരങ്ങളും ഇല്ലാതാക്കുന്നതിനുള്ള ഒരു പരിശ്രമം ആരംഭിക്കയും ചെയ്തു. 1765-ാ മാണ്ടിടയ്ക്ക്, കട്ടക്കയത്തിൽ അബ്രാഹം കത്തനാർ അദ്ധ്യക്ഷാനുമതിയോടുകൂടി പള്ളിയോഗം നവീകരിക്കയും കൈക്കാരന്മാരെ തെരഞ്ഞെടുക്കുകയും ചെയ്തെങ്കിലും സ്ഥാപക കുഡുംബങ്ങളുടെ എതുപ്പുമൂലം അവ നടപ്പിൽ വരുത്തുന്നതിനു് അദ്ദേഹത്തിനു് സാധിച്ചില്ല. തന്മൂലം അടുത്ത അറുപതുകൊല്ലത്തോളം പള്ളിഭരണം സംബന്ധിച്ചു് ഇടവക ജനങ്ങളുടെ ഇടയിൽ ശക്തിയായ അഭിപ്രായ വ്യത്യാസങ്ങളും കക്ഷിമത്സരങ്ങളും അടിയ്ക്കടി ഉണ്ടായിക്കൊണ്ടിരുന്നു. തല്പരകക്ഷികൾ അധികാരസ്ഥാനങ്ങളിലേയ്ക്കു തുടരെത്തുടരെ പരാതികൾ അയയ്ക്കുകയും അതിന്റെഫലമായി 1830-ൽ കട്ടക്കയത്തിൽ യൌസേപ്പു മല്പാൻ വികാരിയായിരുന്നകാലത്തു് ജോൺ ഡി. ഫോർത്തൊ പെയ്സോത്തുഗോവർണദോർ 16 വീട്ടുകാർ ഉൾപ്പെട്ടുന്ന ഒരു പുതിയ യോഗം ഏർപ്പെടുത്തുകയും കൈക്കാരന്മാരെ യോഗം തിരഞ്ഞെടുക്കണമെന്നു വ്യവസ്ഥ ചെയ്കയുംചെയ്തു. സ്ഥാപക കുഡുംബ ശാഖകളിൽനിന്നു് എട്ടും, അന്നത്തെ മറ്റു പ്രമുഖ കുഡുംബങ്ങളായ കുടക്കച്ചിറ, കട്ടക്കയം, വെള്ളാപ്പാട്ടു്, കീഴേടം (പാലയ്ക്കീൽ) പുളിയ്ക്കൽ, മണിമല, പാറേക്കാട്ടു്, പനയ്ക്കൽ എന്നിവയ്ക്കോരോന്നു വീതം എട്ടും പ്രതിനിധികളുംപ്പെടെ 16 പേരെയാണു് പുതിയ യോഗത്തിലേ അംഗങ്ങളായി നിശ്ചയിച്ചതു്. അടുത്ത ഒരു നൂറാണ്ടത്തേയ്ക്കു് ഈ വ്യവസ്ഥയ്ക്കു് യാതൊരു ഭേദഗതിയും വേണ്ടിവന്നില്ല.

19-ാം നൂറ്റാണ്ടും പാലാപ്പള്ളിയുടെചരിത്രത്തിൽ പലതു കൊണ്ടും സംഭവബഹുലമായ ഒരു കാലഘട്ടമായിരുന്നു. ഇന്നു പള്ളിയോടനുബന്ധിച്ചുള്ള പലസ്ഥാപനങ്ങളും അക്കാലത്തുണ്ടായവയാണു്. പള്ളിയുടെ തെക്കുവശത്തുള്ള രണ്ടുനിലമേട 1852 – ലും വടക്കുവശത്തുള്ളമൂന്നുനിലകെട്ടിടം അതിനോടടുത്ത കാലത്തു് ഒരു വൈദീക സിമ്മനാരിയുടെ ആവശ്യത്തിനായും പണികഴിപ്പിക്കപ്പെട്ട. മുറത്തുള്ളവലിയ കല്ലുരിത്രും അതിനടുത്തുള്ള സിമിത്തേരിയും 1869-ാമാണ്ടു് ചെമ്പൻമൂഴയിൽ തൊമ്മൻ മാപ്പിളയുടെ നേതൃത്വത്തിൽ തീക്കപ്പെട്ട. ചെറിയപള്ളി ഇപ്പോഠംകാണുന്നരീതിയിൽ പുതുക്കിപ്പണുതതു് 1888-ാ മാണ്ടാണു്. അകത്തു തൂണുകളും വളച്ചുവാതലുകളുംമായി ഈ പ്രദേശങ്ങളിൽ ആദ്യമായി നിർമ്മിച്ച ദേവാലയം എന്ന നിലയിൽ അതു് അക്കാലത്തു് പൊതുജനശ്രദ്ധയുള്ള പ്രത്യേകം വിഷയീഭവിക്കുതന്നെചെയ്തു. ഈ നാട്ടിൽ ആദ്യമായി ഉണ്ടാക്കപ്പെട്ട പൊന്നിൻ കുരിശ്രും ഈ കാലഘട്ടത്തിലാണു് നിർമ്മിക്കപ്പെട്ടതു്.

കേരള സഭാചരിത്രത്തിലേ വളരെ പ്രധാനമായ ഒരു സംഭവമാണു് കർമ്മലീത്താ സഭയുടെ സ്ഥാപനം. അതിൻെറ പ്രാരംഭത്തിനും പുരോഗതിയുള്ളും പാലാ ഇടവകയിൽ നിന്നും ആളുകൊണ്ടും അർത്ഥംകൊണ്ടും ഗണ്യമായ സഹായംനല്കിയിട്ടുണ്ടു്. കർമ്മലീത്താസഭയുടെ ചരിത്രത്തിൽ പാലാ ഇടവകക്കാരായ കട്ടക്കയത്തിൽ വലിയചാണ്ടിയച്ചൻ കൊച്ചുചാണ്ടിയച്ചൻ തയ്യിൽ എസ്തപ്പാനൊസച്ചൻ, മൂലയിൽ ലെയോനാർദച്ചൻ ആലയ്ക്കാപ്പള്ളിൽ മർസ്ലീനോസച്ചൻ ചക്കൻകുളത്തു മത്തായി അച്ചൻ വടക്കേൽ ഫിലിപ്പിയോസച്ചൻ മുതലായപേരുകൾ എന്നും പ്രകീർത്തിക്കപ്പെടുന്നവയാണു്. ഈ ഇടവകയുടെ അതിർത്തിയിൽ ഉൾപ്പെടുന്ന മുത്തോലിൽ 1870-ാ മാണ്ടു് ഒരു കൊവേന്ത സ്ഥാപിക്കപ്പെട്ട. ഇക്കായ്ത്തിൽ മുൻകൈ എടുത്തു പ്രവർത്തിച്ചതു പാലായിലേ വൈദികരും ജനങ്ങളുമായിരുന്നു.

സന്യാസിനീ സമൂഹങ്ങളുടെ സ്ഥാപനത്തിലും പാലാ

ഇടവക ശരിയായ നേതൃത്വം വഹിച്ചിട്ടുണ്ട്. ഇന്നത്തെ ക്ലാര മഠത്തിന്റെ ആരംഭം ഇടവകക്കാരായ വൈദികരുടെ സഹായ സഹകരണത്തോടെ പാലായിലുള്ള കണ്ണാടിയുറുമ്പു എന്നസ്ഥല ത്താണു്. ലവീഞ്ഞു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് അത്മി നികഠംക്കു് സഭാവസ്ത്രം നല്കുകയും അതിനു ശേഷം അവരുടെ കേന്ദ്ര ഭവനം ചങ്ങനാശ്ശേരിലേയ്ക്കു മാറുകയുമാണുണ്ടായതു്. പില്ക്കാലത്തു തിരുഹൃദയമഠം സമാരംഭിച്ചതും പാലായിൽത്ത ന്നെയാണു്. പുണ്യശ്ലോകനായ കളത്തിക്കാട്ടിൽ മത്തായി അ ച്ചന്റെ ഭക്തി തീഷ്ണതയുടെയും നിരന്തര പരിശ്രമത്തിന്റെയും പ്രത്യക്ഷഫലമാണതു്.

സമുദായാഭിമാനത്തിലും പ്രബുദ്ധതയിലും പാലാ ഇടവക ജനങ്ങളും വൈദികരും ഏറ്റവും സമുന്നതമായ ഒരു സ്ഥാനം എന്നും നേടിയിട്ടുണ്ട്. സ്വജാതി മെത്രാന്മാരെ ലഭിക്കുന്നതിനു വേണ്ടിയുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സുദീർഘമായ പരിശ്രമത്തിൽ പാലാക്കാർ പ്രമുഖമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്. അക്കാര്യ ത്തിനുവേണ്ടി കൂടക്കച്ചിറ ബ: അന്തോനിയച്ചൻ 1854 – ലും 1856 – ലും ബാബ്ദാദിലേക്കു പോകുകയും അവിടെവച്ചു ചരമം പ്രാപിക്കുകയുംചെയ്തു. അദ്ദേഹത്തിന്റെ ചൈതന്യം പാലാഇട വകജനങ്ങളിൽ എന്നും പ്രവർത്തിച്ചുകൊണ്ടിരുന്നു. ലക്ഷ്യപ്രാപ്തി ക്കായി തുടരെത്തുടരെ റോമാ സിംഹാസനത്തിലേക്കു് സമുദാ യത്തിൽ നിന്നും അയച്ചുകൊണ്ടിരുന്ന ഹർജികളിൽ പാലായി ലേ ഇടവക വൈദികർ സാധാരണയായി ഒപ്പിട്ടുവന്നിരുന്നു. എന്നാൽ ഈ പ്രക്ഷോഭണഫലമായി ഉത്ഭവിച്ച റോക്കോസു് മേല്പുസു് ശീശ്മകളിൽ പാലാ ഇടവക പൂർണ്ണമായി ഉൾപ്പെട്ട ന്നതിനു് ഒരിക്കലും ഇടയായില്ല. പത്തുവാഭാഗക്കാർ റോക്കോ സിനെ അനുകൂലിച്ചെങ്കിലും ഭൂരിഭാഗം വൈദികരും ജനങ്ങളും വ്യവസ്ഥാപിതാധികാരത്തിനു വിധേയമായിത്തന്നെനിലനിന്നു. പിന്നീടു മേല്പുസു് ശീശ്മയുടെകാലത്തും ജനങ്ങളിൽ ഒരു ഭാഗം അപഥസഞ്ചാരം ചെയ്യുന്നതിനിടയായെങ്കിലും ഇടവക പൊതു വെ ഈ ഛിദ്രമത്തെ എതിർക്കുകയും അവസാനം വിജയംകൈ



ജൂബിലി ആഘോഷത്തിൽ പ്രസംഗിച്ച
റൈറ്റ് റവ. ഡോ. മാത്യു കാവുകാട്ട്,
ചങ്ങനാശ്ശേരി രൂപതയുടെ മെത്രാൻ.


വരിക്കുകയും ചെയ്തു. എന്നാൽ ഈ കുഴപ്പങ്ങളെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനു പരിശുദ്ധ സിംഹാസനത്തിൽ നിന്നും നിയുക്തനായ ബോംബെ മെത്രാപ്പോലീത്താ ലിയൊ മെയറിൻ തിരുമനസ്സുകൊണ്ടു് 1876-ൽ മാന്നാനത്തു വന്നു ചേർന്നപ്പോൾ വരാപ്പുഴക്കാരുടെ അപ്രീതിയെ അവഗണിച്ചും ഹർജിയിൽ ആദ്യമായി ഒപ്പു വച്ചതു് തയ്യിൽ പെ. ബ. യൌസേപ്പച്ചനായിരുന്നു, എന്നുള്ളതു് പാലാക്കാർക്കു് എന്നും അഭിമാനകരമത്രെ. അതുപോലെ തന്നെ വിസിറ്റർ അപ്പസ്തോലിക്കായെ യഥാവിധി സ്വീകരിക്കുന്നതിനും സുറിയാനിക്കാർക്കനുകൂലമായ ഒരു മനോഭാവം അദ്ദേഹത്തിനുണ്ടാക്കുന്നതിനും സർവ്വപ്രധാനമായി പ്രവർത്തിച്ചതു് പാലാ ഇടവകക്കാരും മാന്നാനം കൊവേന്തയുടെ അന്നത്തെ പ്രിയോരുമായ കട്ടക്കയത്തിൽ പെ. ബ. വല്യച്ചാണ്ടിയച്ചനായിരുന്നുവെന്നുള്ളതും പ്രത്യേകം സ്മരണീയമാണു്.

ഈ സാഹചര്യങ്ങളുടെ ഫലമായിട്ടു ക്രൂടിയായിരിക്കണം 1887–ൽ സുറിയാനിക്കാർക്കു പ്രത്യേക വികാരിയാത്തുകാം രൂപവൽക്കരിക്കപ്പെട്ടപ്പോൾ കോട്ടയം വികാരിയാത്തിന്റെ വികാരി ജനറാളായി നിയുക്തനായ നിധിയിരിക്കൽ മാണിയച്ചന്റെ സ്ഥാനാരോഹണം പാലായിൽ വച്ചുതന്നെ നടത്തുന്നതിനിടയായതു്. 1889 നവംബർ 14–ാംനു- തത്സംബന്ധമായി പാലാപ്പള്ളിയിൽ വച്ചു നടന്ന പൊന്തിഫിക്കൽ കർബ്ബാനയും അനന്തരമുണ്ടായ ആഘോഷപൂർവ്വമായ പട്ടണപ്രദിക്ഷണവും കേരളീയ സുറിയാനിക്കാരുടെ ഒരു വലിയ ആശാസാഫല്യം തന്നെയായിരുന്നു. മൂന്നുവർഷങ്ങൾക്കുശേഷം പെ. ബ. മാണിയച്ചൻ ഉദ്യോഗം രാജിവച്ചപ്പോൾ തൽസ്ഥാനത്തു് നിയമിതനായതു് പാലാ ഇടവകക്കാരനും അന്നത്തെ പാലാ വികാരിയുമായിരുന്ന തയ്യിൽ ബ. യൌസേപ്പച്ചനായിരുന്നു. അദ്ദേഹത്തിന്റെ സ്ഥാനാരോഹണവും 1892 മെയ് മാസത്തിൽ പാലാപ്പള്ളിയിൽവച്ചുതന്നെ നടത്തപ്പെട്ടു. ഈ സംഭവങ്ങളെല്ലാം പാലാപ്പള്ളിക്കു പുരാതന


കാലംമുതൽക്കെ സമുദായ മദ്ധ്യത്തിലുള്ള അതി പ്രമുഖമായ സ്ഥാനത്തിനു മതിയായ തെളിവാണു്.

19–ാം നൂറ്റാണ്ടിൽ പാലാപ്പള്ളിയുടെ പല കുരിശുപള്ളികളുണ്ടാവുകയും അവയിൽ ചിലതെല്ലാം കാലക്രമേണ ഇടവകകളായിത്തീരുകയും ചെയ്തു. ളാലത്തുപള്ളി ഇടവകയായപ്പോൾ ആറ്റിന്റെ വടക്കുഭാഗത്തുള്ള പാലാ ഇടവകക്കാരുടെ സൌകര്യത്തിനായി 1837-ൽ അങ്ങാടി മദ്ധ്യത്തിലുള്ള അമ്പലപ്പുറത്തു തെക്കേമുറി പുരയിടത്തിൽ ഒരു കുരിശുപള്ളി സ്ഥാപിയ്ക്കപ്പെട്ടു. അതിനോടനുബന്ധിച്ചാണു് പിൽക്കാലത്തു അമലോത്ഭവ ജൂബിലിക്കപ്പേള പണതിട്ടുള്ളതു്. മേലൂസു് ശീശ്മയിൽപെട്ടന്നതിനിടയായ ഏതാനും കുടുംബക്കാർ 1853 – ൽ കിഴതടിയൂർ കരയിൽ പെട്ട ഇളംതോട്ടം എന്ന സ്ഥലത്തു ഒരു പുതിയ പള്ളി തീക്കുകയുണ്ടായി. ദീർഘകാലം മേലൂസു് ശീശ്മയിൽപ്പെട്ട തൊണ്ടനാട്ടു് അവുദീശോ മെത്രാപ്പോലീത്തായുടെ അധിവാസസ്ഥാനമായിരുന്ന ആ ദേവാലയം പിന്നീടു് പാലാപള്ളിയുടെ ഒരു കുരിശുപള്ളിയായിത്തീർന്നു. ഇന്നും ആ നിലയിൽ അതു തുടർന്നുവരികയുംചെയ്യുന്നു. 1854—ൽ മുത്തോലി കുരിശുപള്ളി പാലാപ്പള്ളിയിൽനിന്നും പണിയിക്കുകയുണ്ടായി. തോടനാൽ, മീനച്ചിൽ, പൂവരണി മുതലായ ദേവാലയങ്ങളും ആദ്യകാലത്തു പാലായുടെ കുരിശുപള്ളികളായി ആരംഭിക്കുകയും പിന്നീടു് ഇടവകകളായി ഉയർത്തപ്പെടുകയുംചെയ്തിട്ടുള്ളവയാണു്. 20-ാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ കിഴതടിയൂർ കരയിൽ കവീക്കുന്നു്, മുണ്ടാങ്കൽ എന്ന രണ്ടു കുരിശുപള്ളികൾകൂടി സ്ഥാപിക്കപ്പെട്ടു. ഇവയ്ക്കും പുറമെ, എളങ്ങുളം, എലിക്കുളം, മേലുകാവു്, അറക്കുളം, കപ്പാടു് മുതലായ പല ഇടവകപ്പള്ളികളുടേയും സ്ഥാപനത്തിൽ, പാലാപ്പള്ളി ഇടവകക്കാർ ഒട്ടും അപ്രധാനമല്ലാത്ത ഒരു പങ്കുവഹിച്ചിട്ടുണ്ടു്.


വിശ്വാസ പ്രചരണത്തിലെന്നപോലെ വിദ്യാഭ്യാസപുരോഗതിക്കുവേണ്ടിയും പാലാഇടവക കാര്യമായി പ്രവർത്തിച്ചിട്ടുണ്ടു്.



സെൻറ് തോമ്മസ് ഹൈസ്കൂൾ, പാലാ



ഹൈസ്കൂളിന്റെ പിൻഭാഗം



സെന്റ് തോമ്മസ് കോളേജ്, പാലാ


പള്ളിമേടയിൽത്തന്നെ 1897-ാമാണ്ടു് ഒരു ഇംഗ്ലീഷ് വിദ്യാലയം ആരംഭിച്ചു. ഏതാനും കൊല്ലത്തെ പ്രവർത്തനങ്ങൾക്കുശേഷം അതു നിന്നുപോയെങ്കിലും 10 കൊല്ലങ്ങൾക്കുശേഷം സെൻറു തോമ്മസു് ഇംഗ്ലീഷ് മിഡിൽസ്കൂൾ എന്നപേരിൽ അതുവീണ്ടും രൂപമെടുത്തു. ഇന്നു പാലായിൽ പ്രശസ്തമായി നടന്നുവരുന്ന സെൻറു തോമ്മസു് ഇംഗ്ലീഷ് ഹൈസ്കൂൾ ആ സ്ഥാപനത്തിൻെറ വികസിതരൂപം മാത്രമാണു്. പാലാ സെൻറു തോമ്മസു് കോളേജു് ഇന്നു് രൂപത വകയാണെങ്കിലും പാലാപ്പള്ളിയുടെ നേതൃത്വത്തിൽ ഉദിച്ചുയർന്നിട്ടുള്ള ഒരു സ്ഥാപനമാണതു്. പാലാ സെൻറു മേരീസു് ഹൈസ്കൂളിനു കണ്ണാടിയുമ്പിൽ ചുവടിട്ടതു് മഠത്തിൻെറ അന്നത്തെ കപ്ലോനും പാലാ ഇടവകയിലെ പ്രമുഖ വൈദികരിൽ ഒരാളുമായ മാടപ്പാട്ടു് ബ: യെവുസെപ്പച്ചനാണു്. പിന്നീടു് അതു പാലാ അങ്ങാടിയിലേക്കു മാറ്റിയതും അവിടെ അതിനുവേണ്ടസ്ഥലങ്ങളും കെട്ടിടങ്ങളും ഉണ്ടാക്കിയതും ബ. കദളിക്കാട്ടിൽ മത്തായി അച്ഛനാണെന്നുള്ളതും ഏവർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണു്. പാലായടേയും അതിൻെറ കുരിശുപള്ളികളുടേയും നേതൃത്വത്തിൽ പ്രൈമറിസ്കൂൾ മുതൽ ഹൈസ്കൂൾവരെയുള്ള വിവിധ വിദ്യാലയങ്ങൾ ഇന്നു നടന്നുവരുന്നുണ്ടു്. അവയെല്ലാം ഈ ദേശത്തിൻെറ സാംസ്കാരിക പുരോഗതിയ്ക്കു വളരെയധികം സഹായിച്ചിട്ടുണ്ടെന്നുള്ളതും അനിഷേദ്ധ്യമാണു്.

പാലാവലിയപള്ളി ഇപ്പോൾ പാലാരൂപതയുടെ ഭദ്രാസനദേവാലയമായി ഉയർത്തപ്പെട്ടിരിക്കുന്നു. അതിൻെറ സ്ഥാപക കുടുംബങ്ങളിലൊന്നിലെ അംഗമായ റൈറ. റവ. ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടു്, ഈ ഇടവകകേന്ദ്രമായുള്ള രൂപതയുടെ അദ്ധ്യക്ഷനായി അവരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. പാലാ ഇടവകക്കാരായ വൈദികരുടെ ഗണത്തിൽ മല്പാന്മാർ, ധ്യാനഗുരുക്കൾ, പ്രാസംഗികന്മാർ, താപസന്മാർ, പണ്ഡിതന്മാർ, സമുദായ ഭക്തന്മാർ എന്നിവിവിധ നില

കളിൽ പ്രശസ്തരായിത്തീർന്നിട്ടുള്ളവർ പലരുണ്ട്. എന്നാൽ അനേക കാലങ്ങൾക്കുമുമ്പ് ആലങ്ങാട്ടിനും കുറവിലങ്ങാട്ടിനും ലഭിച്ചിട്ടുള്ള ഒരുമേന്മ — ഇടവകക്കാരനായ ഒരു വൈദികൻ മെത്രാനായിത്തീരുക എന്നുള്ളതു് — ഇപ്പോൾ മാത്രമാണു് പാലായ്ക്കു സിദ്ധിക്കുന്നതിനിടയായിട്ടുള്ളതു്. 950 കൊല്ലം ദൈർഘ്യമുള്ള പാലാപ്പള്ളിയുടെ ചരിത്രത്തിലേ ഏറ്റവും മഹത്തായ സംഭവമാണിതു്. ഇതോടുകൂടി, ഈ ഇടവകയുടെ കഴിവുകളും ചുമതലകളും വളരെ അധികം വർദ്ധിച്ചിട്ടുണ്ടു്. ഇത:പര്യന്തം കേരളചരിത്രത്തിൽ മാത്രമാണു് അതു പ്രഖ്യാതമായിട്ടുള്ളതു്. എന്നാൽ ഭാരതചരിത്രത്തിൽ സ്ഥാനം ലഭിക്കത്തക്ക വിപുലമായ സേവനങ്ങൾ ഇന്നു നാം നിർവ്വഹിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ട പ്രാപ്തി ഈ ഇടവകയ്ക്കും ഇടവകജനങ്ങൾക്കും ഉണ്ടാകുന്നതിനു് നമ്മുടെ പിതാവായ മാത്തോമാശ്ലീഹാ നാമേവരേയും അനുഗ്രഹിക്കട്ടെ.


ശതാബ്ദപൂത്തി ആഘോഷങ്ങൾ

ഇത്ര മഹത്തായ ഈ ദേവാലയത്തിന്റെ 950-ാം സംവത്സരപൂത്തി അത്യുന്നത കർദ്ദിനാൾ ടിസ്സറൻറ് തിരുമനസ്സിലേ മഹനീയാദ്ധ്യക്ഷതയിൽ തന്നെ നടത്തുന്നതിന് ഇടവക ജന




കർദ്ദിനാൾ തിരുമേനിയെ ജൂബിലിപ്പന്തലിലേയ്ക്ക് എതിരേറ്റുകൊണ്ടുവരുന്നു.

ങ്ങൾ തീരുമാനിച്ചതിൽ ആശ്ചര്യത്തിന് ഒട്ടും തന്നെ വകയില്ലല്ലോ. എന്നാൽ കർദ്ദിനാൾ തിരുമേനിയുടെ കേരള സന്ദർശനത്തിനു് അവിചാരിതമായ കാലവിളംബം നേരിടുകയാൽ ഈ




ജൂബിലിപ്പന്തലിൽ സജ്ജമാക്കിയിരുന്ന ബലിപീഠം

മഹാമഹവും മാറിവയ്ക്കേണ്ടതായിവന്നു, എങ്കിലും 1953 നവംബർ 30—ാംതീയതി കർത്തിനാഥം തിരുമനസ്സുകൊണ്ട് സ്ഥലത്തെത്തിയതോട്ടക്കൂടി ഈ ദേശവാസികളുടെ ചിരകാല പ്രതീക്ഷകഠം സഫലങ്ങളായിത്തുടങ്ങി. പാലാ ശ്ലൂപതയുടെ




കുർബാനയുടെ പ്രദക്ഷിണത്തിനുമുമ്പ് കാമ്മികൻ തിരുമേനി പ്രസംഗിക്കുന്നു.

അഭിവന്ദ്യ മെത്രാൻ തിരുമേനിയാൽ പരിസേവിതനായി അവിടുന്ന് പട്ടണപരിസരത്തിൽ എത്തിയ ആ സായാഹ്നത്തിൽ ഈ കത്തീഡ്രൽ ദേവാലയത്തിലേ വൈദികരുടേയും ഇടവക




വി. കുർബാനയുടെ പ്രദക്ഷിണം.

ജനങ്ങളുടേയും നേതൃത്വത്തിൽ ഒരു വൻസ്വീകരണ ഘോഷയാത്ര അദ്ദേഹത്തെ അഭിവാദ്യം ചെയ്തു സ്വീകരിക്കുകയും ഏറ്റവും ഹൃ




ശതാബ്ദ ജൂബിലി പ്രമാണിച്ച് പള്ളി മൈതാനത്ത് തയ്യാറാക്കിയിരിക്കുന്ന അൾത്താര




അത്യുന്നത കർത്തിനാമം
ടിസ്സറാൻറ് തിരുമേനി
പുതിയ കത്തീഡൽ
ദേവാലയത്തിൻെറ
ശിലാസ്ഥാപനകർമ്മം
നിർവ്വഹിക്കുന്നു.

തോഹരമായി അലങ്കരിച്ചിരുന്ന തെരുവീഥികളിൽക്കൂടി ഘോഷ യാത്രയായി ദേവാലയാങ്കണത്തിൽ തയ്യാർചെയ്തിരുന്ന പന്തലി ലേയ്ക്ക് ആനയിക്കുകയും ചെയ്തു. അവിടെവച്ച് പാലാ രൂപത



ജനക്കൂട്ടം ഭക്തിനിർഭരരായി വി. കർമ്മാനയുടെ പ്രദക്ഷണത്തിൽ സംബന്ധിക്കുന്നു.

വക പൊതുമംഗളപത്രം സമർപ്പിക്കുകയും, കർദ്ദിനാൾ തിരുമനസ്സു കൊണ്ട് ഏറ്റവും സമുചിതമായ ഭാഷയിൽ അതിനു് മറുപടി പറയുകയും ചെയ്തു.



കാവുകാട്ടുമെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ജൂബിലി പ്രസംഗം നിർവ്വഹിക്കുന്നു.

പിറേദിവസംകാലത്തു് പള്ളിഅങ്കണത്തു് അതിമനോഹരവും ചേതസ്സുമാർഷകവുമായ വിധത്തിൽ പണി തീർത്തിരുന്ന പന്തലിൽ തന്നെ അവിടുന്നു ദിവ്യ പൂജ അർപ്പിച്ചു. ഒരു വമ്പിച്ച ജനാവലി അതിൽ സംബന്ധിക്കുകയും ദേവാലയത്തിൽ പൊതു വണക്കത്തിനായി സ്ഥാപിച്ചിരുന്ന നമ്മുടെ പിതാവു് മാർത്തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ മുംബിച്ചു് കൃതാർത്ഥരായിത്തീരുകയും ചെയ്തു. തുടച്ചു് യായി മൂന്നുദിവസത്തേയ്ക്കു സ്ഥിരിച്ച ഈ മഹാഭാഗ്യം കർത്തനാഥൻ തിരുമനസ്സുകൊണ്ടു് ഈ ഇടവകയ്ക്കു നല്കിയ ഒരു ബഹുമതി തന്നെ ആയിരുന്നു.



പുതിയ കത്തീദ്രൽ ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം
നിർവഹിക്കുന്നതിനു മുമ്പു് കർത്തനാഥൻ തിരുമേനി
കല്ലുവെഞ്ചരിക്കുന്നു

കാലത്തു് 8ൽ മണിയ്ക്കു് ആഘോഷങ്ങളുടെ ആദ്യത്തെ ചടങ്ങായ ദിവ്യകാരുണ്യപ്രദക്ഷിണം സമാരംഭിച്ചു. പള്ളിയുടെ പ്രധാന കവാടം മുതൽ ആറുകടവുവരെയുള്ള പ്രദക്ഷിണവീഥി കൊടികൾ, തോരണങ്ങൾ, പൂമാലകൾ മുതലായവയുടെ വർണ്ണവൈചിത്ര്യത്താലും നിരനിരയായി നിറുത്തി അലങ്കരിച്ചിരുന്ന




ശ്രീ. ജോസഫ് അഗസ്റ്റിൻ കയ്യാലയ്ക്കകം, പാലാ വലിയപള്ളിക്ക് ദാനംചെയ്ത അഞ്ചുമണികൾ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് 4-6-'58-ൽ ക്രമാശീർവ്വാദം ചെയ്ത അവസരത്തിൽ എടുത്ത ഫോട്ടോ



ശ്രീ. ജോസഫ് അഗസ്റ്റിൻ കയ്യാലയ്ക്കകം അവർകളുടെ ചിലവിൽ പുതിയതായി പണികഴിപ്പിച്ചിരിക്കുന്ന മണിമാളിക

സ്തംഭങ്ങളുടെ മുകളിൽ ചാത്തിയിരുന്ന മേല്ക്കൂട്ടിയുടെ ധവളപ്രഭയാലും സഹ്യരാജന്റെ എഴുന്നെള്ളത്തിനു്, അനുയോജ്യമാക്കിത്തീർത്തിരുന്നു. റൈറവു്. റവ. ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടു് പ്രദക്ഷിണത്തിന്റെ കാമ്മികത്വം വഹിക്കുകയും റൈറവു. റവ. ഡോക്ടർ മാത്യു കാവുകാട്ടു് തിരുമനസ്സു കൊണ്ടു് അതിൽ പങ്കുകൊള്ളുകയും ചെയ്തു. കാമ്മികൻ തിരുമേനി വി. കുർബാന എങ്ങനെ ക്രിസ്ത്യാനിയുടെ ശക്തികേന്ദ്രമാണെന്നു വശദീകരിച്ചുകൊണ്ടു് ഏറ്റവും ഭക്തിസംബന്ധിയായ ഒരു പ്രസംഗം ചെയ്തു. ആറുകടവിലേയും പള്ളിമുറ്റത്തേയും പന്തലുകളിൽ വച്ചു് വി. കുർബാനയുടെ വാഴ്വു നടത്തി. ഈ സന്ദർഭത്തിൽ തടിച്ചുകൂടിയ ജനസഞ്ചയത്തിൽ ദൃശ്യമായ ഭക്തിപ്രചുരിമ, മാത്തോമ്മാശ്ലീഹാ ഈ നാട്ടിൽ ചെയ്തിട്ടുള്ള ഭഗീരഥപ്രയത്നങ്ങളും, അദ്ദേഹത്തിന്റെ രക്തസാക്ഷിത്വവും കേവലം ഫലശ്രുന്യമായിത്തീന്നിട്ടില്ലെന്നു് വ്യക്തമാക്കി.




കർദ്ദിനാൾ തിരുമേനി ശിലാസ്ഥാപനകർമ്മം
നിർവഹിക്കുന്നു

ഇതിനെത്തുടന്നു് ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ജൂബിലി പ്രസംഗം നടത്തി. പാലാപ്പള്ളിയുടെ പൌരാണികത്വത്തെയും, കേരളക്രിസ്തീയസഭാചരിത്രത്തിൽ അതിനുള്ള അസൂയാർഹമായ സ്ഥാനത്തെയും വിശദീകരിച്ചുകൊണ്ടും, ആധുനികകാലത്തു് ക്രിസ്തീയ ധർമ്മത്തിന്റെ പുലർച്ചയും ക്രിസ്തീയസമുദായത്തിന്റെ പുരോഗതിയും വേണ്ടി അതു നിവ്വ


ഹിച്ചിട്ടുള്ള മഹത്തായ സേവനങ്ങളെ വ്യക്തമാക്കിക്കൊണ്ടും ഏകദേശം ഒരു മണിക്കൂറോളം ദീർഘിച്ച ആ പ്രസംഗം, പ്രസംഗകന്റെ സ്വതസ്സിദ്ധമായ വാഗ്മിതയ്ക്കു് ഒരുത്തമ ദൃഷ്ടാന്തമായിരുന്നു.

അനന്തരം കട്ടിനാൽ തിരുമനസ്സുകൊണ്ടു പുതിയ കത്തീഡ്രൽ ദേവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. പാലാപ്പള്ളിയുടെ 950 കൊല്ലത്തെ ചരിത്രത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടു് അന്നും ഇന്നും ഒരേനിലയിൽ ഒഴുകിക്കൊണ്ടിരിക്കുന്ന മീനച്ചിലാറിനെ അഭിമുഖീകരിച്ചു സ്ഥിതിചെയ്യുന്ന ഒരു പീഠഭൂമിയിൽ വിശ്വവ്യാപകമായ കത്തോലിക്കാസഭയുടെ പ്രമുഖ പ്രേഷിതപണ്ഡിതനുറപ്പിച്ച ആ കല്ലു് ഈ ദേവാലയത്തിന്റേയും ഇടവകയുടേയും ഭൂതഭാവികളുടെ അതിമോഹനമായ ഒരു സൂചനയായി സ്ഥിതിചെയ്യുന്നു. അചിരേണ, ഇതരരാജ്യങ്ങളിലേ പ്രസിദ്ധങ്ങളായ കത്തീഡ്രലുകളോടു കിടപിടിക്കത്തക്ക ഒരു മനോഹര ദേവാലയം അവിടെനിന്നുയരുകയും അതു പാലാ ഇടവകയുടേയും, പാലാ രൂപതയുടേയും അഭിമാന ഹേതുവായിപ്പരിണമിക്കുകയും ചെയ്യുമെന്നു നമുക്കു പ്രത്യാശിക്കാം.



വി. തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൊണ്ടു് ഭക്തജനസമൂഹത്തെ വന്ദ്യമെത്രാനച്ചൻ ആശീർവ്വദിക്കുന്നു.

അവസാന ചടങ്ങു് നമ്മുടെ പിതാവായ മാത്തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ ചുംബിക്കുകയായിരുന്നു. ഈ മഹാഭാഗ്യം സിദ്ധിച്ചതിൽ സകലരും അത്യധികം സന്തോഷിച്ചു. ഏകദേശം പതിനാന്നുമണിയോടുകൂടി ആഘോഷ ചടങ്ങുകൾ സമംഗളം പര്യവസാനിച്ചു.



പാലാ വലിയപള്ളിക്ക് പാറേമാക്കൽ ഗൊവർണ്ണദോർ ഒരു പൂണ്ണദണ്ഡവിമോചനം
അനുവദിച്ചുകൊണ്ട് നല്കിയിട്ടുള്ള അതിപുരാതനമായ ഒരു കല്പന

8398/53

SACRA PAENITENTIARIA APOSTOLICA

OFFICIUM DE INDULGENTIIS

BEATISSIME PATER,

Parochus ecclesiae Cathedralis tit. S. Thomae Ap. dioecesis Palaiensis, ad pedes Sanctitatis Tuae provolutus, occasione sacrorum Solemnium quae ob anniversarium novies centesimum quinquagesimum erectionis memoratae ecclesiae in eadem proxime celebrabuntur, humiliter petit **Indulgentiam plenariam,** a christifidelibus confessis ac sacra Communione refectis lucrandam singulis diebus quibus triduanas supplicationes hac occasione celebrandas participaverint et ad mentem Sanctitatis Tuae preces fuderint, necnon die anniversaria si cuidam sacrae functioni ibidem adstiterint et uti supra pie oraverint.

Et Deus, etc.

Die 31 Octobris 1953

SACRA PAENITENTIARIA APOSTOLICA, vi facultatum a SS. D. N. Pio Pp. XII sibi tributarum, benigne annuit pro gratia iuxta preces : 1° quoad supplicationes triduanas hoc anno tantum; 2° quoad diem anniversariam, ad septennium. Contrariis quibuslibet non obstantibus.

(Sd)

To

Very Rev. Fr. Philip Valiyil
Parish Priest,
St. Thomas Cathedral,
Palai.

ശതാബ്ദ്യജൂബിലി പ്രമാണിച്ചു കത്തീഡ്രൽ സന്ദർശിച്ചു് നിശ്ചിത പ്രാർത്ഥനകൾ എന്തിക്കുന്നവർക്കു് പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്ന പ്രത്യേകാനുവാദം നല്കിക്കൊണ്ടുള്ള പരിശുദ്ധ സിംഹാസനത്തിന്റെ കല്പന.

ജൂബിലിക്കു സംഭാവന ചെയ്തവരുടെ പേരുവിവരം.

		രൂ.	ണ.	സ.
ദിവ്യശ്രീ	പൊരുന്നോലിൽ യൗസേപ്പച്ചൻ.	30	0	0
,,	ചിലമ്പിക്കുന്നേൽ ആഗസ്തിയച്ചൻ.	25	0	0
,,	കോയിപ്പുറത്തു യൗസേപ്പച്ചൻ.	25	0	0
,,	കൊട്ടാരത്തിൽ കുര്യാക്കോസച്ചൻ.	25	0	0
,,	കിഴക്കെക്കര കൈതോലിൽ മത്തായി അച്ചൻ	25	0	0
,,	കട്ടക്കയത്തു തോമ്മാച്ചൻ.	25	0	0
,,	മണ്ണൂരാമ്പറമ്പിൽ മത്തായി അച്ചൻ.	25	0	0
,,	കുന്നപ്പിള്ളിൽ യൗസേപ്പച്ചൻ	25	0	0
,,	തെങ്ങുംതോട്ടത്തിൽ അബ്രാഹമച്ചൻ (R. I. P.)	20	0	0
,,	വെള്ളാപ്പാട്ടു മത്തായി അച്ചൻ	20	0	0
,,	പ്ലാക്കാട്ടു തോമ്മാച്ചൻ	20	0	0
,,	തൈത്തോട്ടത്തിൽ യാക്കോബച്ചൻ	20	0	0
,,	മണ്ണൂർ സ്കറിയാച്ചൻ	20	0	0
,,	വരകിപ്പറമ്പിൽ മത്തായിഅച്ചൻ	20	0	0
,,	പൊടിമറ്റത്തിൽ മത്തായി അച്ചൻ	20	0	0
ശ്രീ.	കൊട്ടുകാപ്പള്ളി പരുത്തിക്കുറ്റിക്കൽ കുഞ്ഞുവക്കി	50	0	0
,,	കല്ലറയ്ക്കൽ ചാണ്ടിക്കുഞ്ഞു്	25	0	0
,,	കട്ടക്കയത്തിൽ കുഞ്ഞവുത	15	0	0
,,	കട്ടക്കയത്തുവയലിൽ ജോസഫ്	25	0	0
,,	തറപ്പേൽ അബ്രാഹം	15	0	0
,,	കുടക്കച്ചിറ ദേവസ്യാച്ചൻ	15	0	0
,,	വടക്കൻ ഉലഹന്നാൻ	50	0	0
,,	കെ എൽ. കുര്യാക്കോസു്	15	0	0
,,	ബോമ്മേൽ തൊമ്മൻ	25	0	0
,,	കൊച്ചുകാക്കനാട്ടു കുഞ്ഞാഗസ്തി	25	0	0

ശ്രീ.	കുരിശുംമൂട്ടിൽ ദേവസ്യാ	5	0	0
,,	മൂഴയിൽ അഗസ്തി തൊമ്മൻ	25	0	0
,,	തോമസ്സ് മൂഴയിൽ (M. T. Thomas)	15	0	0
,,	വടക്കൻ മാണി തോമസ്സ്	10	0	0
,,	എം. സി. തോമസ്സ് മൂഴയിൽ	25	0	0
,,	സി. സി. ജോസഫ് ചെട്ടിപ്പറമ്പിൽ	25	0	0
,,	കെ. ററി. ആൻറണി കൊട്ടൂർ	10	0	0
,,	വരാച്ചേരിൽ ചാക്കോ	10	0	0
,,	വട്ടക്കുന്നേൽ വക്കി ചെറിയാൻ	15	0	0
,,	എടേട്ടു മാത്തൻ ദേവസ്യാ	20	4	0
,,	ഏലക്ട്രോപ്ലെയിറർ വാവുണ്ണി	5	0	0
,,	ഉരാശാല ഔസേപ്പു മാത്തു	10	0	0
,,	കുണ്ടനാട്ടു പേഴത്തനാൽ ഔസേപ്പു്	15	0	0
,,	മണർകാട്ടു് ഉതുപ്പു മത്തായി (കുഞ്ഞുമത്തായി)	25	0	0
,,	പതുപ്പള്ളിൽ ചാക്കോ ചാക്കോ	10	0	0
,,	ഐക്കരപ്പതുപ്പള്ളിൽ കുയ്മൻ കുയ്മൻ	15	0	0
,,	പതുപ്പള്ളിൽ ചാക്കോ ഔസേപ്പു്	5	0	0
,,	കാഞ്ഞിരംകുന്നേൽ പതുപ്പള്ളിൽ ചാക്കോ കുയ്മൻ	10	0	0
,,	മാധവത്തു് അന്തോനി ഔസേപ്പു്	5	0	0
,,	കടപ്പൂർ ചാക്കോ ഔസേപ്പു്	10	0	0
,,	ഉരാശാല ചെറിയതു പോത്തൻ	5	0	0
,,	കൊച്ചുകാക്കനാട്ടു കൊച്ചേപ്പു്	15	0	0
ശ്രീമതി	നെടുമ്പാലക്കുന്നേൽ ഔസേപ്പു് ഏലി	10	0	0
ശ്രീ.	പള്ളിയാടിയിൽ മത്തായി ഔസേപ്പു്	10	0	0
,,	തുരുമുക്കാട്ടു് ഇട്ടൂപ്പു ചാണ്ടി	5	0	0
,,	ചൊള്ളാക്കൽ വക്കി	20	0	0
,,	ചൊള്ളാക്കൽ (കൊച്ചുതടത്തിൽ) ചാണ്ടി	10	0	0
,,	പുതിയപറമ്പിൽ പീലിപ്പോസ്സ്	10	0	0
"	കൊല്ലിയിൽ സ്കറിയാ	5	0	0

ശ്രീ.	പൊടിമറ്റത്തിൽ മത്തായി	15	0	0
,,	നരിക്കുഴക്കുന്നേൽ സ്കറിയാ	10	0	0
,,	മണ്ണകുത്തു മത്തായി (പൈങ്ങളം)	5	0	0
,,	കാരക്കാട്ടു പെരുമ്പ്രായിൽ ഔസേപ്പു സ്കറിയാ	15	0	0
,,	പുതിയാപറമ്പിൽ (കുന്നത്തു) സ്കറിയാ	7	0	0
,,	തെരുവിൽ ഈപ്പൻ ദേവസ്യാ	25	0	0
ശ്രീമതി	എടാട്ടു ഏലി	2	0	0
ശ്രീ.	പുതിയാപറമ്പിൽ ആഗസ്തി [illegible]	10	0	0
,,	കാരപുഴക്കൽ വക്കി മത്ത	5	0	0
,,	പനക്കൽ ഔസേപ്പ്	10	0	0
,,	പല്ലാങ്കൽ ജോസഫ്	5	0	0
,,	ടി ചാക്കൊ	3	0	0
,,	കാപ്പിൽ കുഞ്ഞവൂസേപ്പ്	5	0	0
,,	ഏലവുങ്കൽ കൊട്ടുകാപ്പിള്ളിൽ ഔസേപ്പ്	75	0	0
,,	പല്ലാങ്കൽ ചാണ്ടി	5	0	0
,,	പരുത്തിക്കുറിക്കൽ ജോസഫ് സേവ്യർ	30	0	0
,,	പൊടിമറ്റത്തിൽ പ്ലാത്തോട്ടത്തിൽ	7	0	0
,,	ടി തോമ്മാ	7	0	0
,,	ടി കൊച്ചുപുരയ്ക്കൽ ഔസേപ്പ്	15	0	0
,,	കട്ടക്കയത്തിൽ (മുപ്ലയിൽ) ചാക്കൊ	35	0	0
,,	പുളിക്കൽ കുഞ്ഞാഗസ്തി	5	0	0
,,	വി. ജെ. സഖറിയാ വയ്യന	35	0	0
,,	വെള്ളാപ്പാട്ടുകുന്നേൽ അയ്യ് മത്തായി	20	0	0
ശ്രീമതി	കുന്നംകോട്ട (പനയ്ക്കൽ) മറിയം	5	0	0
ശ്രീ.	പാലക്കീൽ തൊമ്മൻ	20	0	0
,,	ആർ. വി. ജോസഫ് രാമപുരം	7	0	0
,,	പ്ലാത്തോട്ടത്തിൽ ഔസേപ്പ്	5	0	0
,,	കൊല്ലിയിൽ മാത്യു	2	0	0
,,	പൊരുന്നോലിൽ സ്കറിയാ	15	0	0
,,	നെല്ലിയാനിയിൽ ഔസേപ്പ്	2	0	0
,,	പുതിയാപറമ്പിൽ തൊമ്മൻ	5	0	0

ശ്രീ.	ജെ. ററി. മാട്ടേൽ	100	0	0
,,	ക്രുട്ടിയാനിയിൽ ദേവസ്യാ	10	0	0
,,	പുഴക്കരെ അന്തോനി	10	0	0
,,	മാധവത്തു തോമ്മസ്	25	0	0
,,	വെട്ടത്തു ജോസഫ്	10	0	0
,,	വാഴേപ്പടവിൽ മാണി	4	0	0
,,	എടേട്ടു വക്കി	10	0	0
,,	എടപ്പാട്ടു ഉണിച്ചെറിയതു്	5	0	0
,,	കളപ്പുരക്കൽ ഔസേപ്പ്	10	0	0
,,	മണ്ടവത്തിൽ കൊച്ചുപാപ്പൻ	5	0	0
,,	പുതുമനെ പോത്തൻ	5	0	0
,,	പൊടിമറ്റത്തിൽ ഔസേപ്പ്	10	0	0
,,	ജെ. തോമ്മസ് കയ്യാലയ്ക്കകം	25	0	0
,,	പൊടിമറ്റത്തിൽ മാത്തു	5	0	0
,,	കളപ്പുരയിൽ മത്തായി	5	0	0
,,	പുല്ലാട്ടു തോമ്മസ്	5	0	0
,,	പടിഞ്ഞാറെക്കരെ കുഞ്ഞമ്മൻ	50	0	0
ശ്രീ.	കൊട്ടുകാപ്പിള്ളിൽ ജോജ്ജ് തോമ്മസ്	125	0	0
,,	അഞ്ചേരിൽ ജോസഫ്	15	0	0
,,	കണ്ടനാട്ടു ഔസേപ്പ് ഉലഹന്നൻ	10	0	0
,,	ടി ടി ചാണ്ടി	19	0	0
,,	ടി കുരുവിള തൊമ്മൻ	3	0	0
,,	നെല്ലിയാനിയിൽ ഇട്ടിയേപ്പ്	3	0	0
,,	തെക്കേക്കണ്ടത്തിൽ മത്തായി (മേലുകാവു്)	5	0	0
,,	അഞ്ചേരിൽ മത്ത (മേലുകാവു്)	5	0	0
,,	വട്ടക്കാനാൽ ഇട്ടിയവിരാ (മേലുകാവു്)	5	0	0
,,	ചെറുനിലത്തു് ഔസേപ്പ്	5	0	0
,,	ടി ഇട്ടിയവിരാ ദേവസ്യാ	5	0	0
,,	പാലക്കാട്ടുകുന്നേൽ ജോസഫ്	10	0	0
,,	മണിമല ഔസേപ്പ് (വെള്ളിയാമറ്റം)	5	0	0

ശ്രീ.	തടത്തിൽ തോമ്മസ് (പോണാട്ട്)	5	0	0
,,	കടപ്പൂർ ജോസഫ് ഈനാസ്	4	0	0
,,	തോട്ടങ്കൽ ദേവസ്യാ	25	0	0
,,	ക്രൂട്ടിയാനിയിൽ ചാണ്ടി	15	0	0
,,	മരുതോലിൽ വക്കി അഗസ്തി	5	0	0
,,	ഇല്ലത്തുപറമ്പിൽ കൊച്ചു്	10	0	0
,,	വെള്ളരിങ്ങാട്ടു് വക്കി	7	0	0
,,	മൊളോപ്പറമ്പിൽ ജോസഫ് (പൂവരണി)	15	0	0
,,	ക്രൂട്ടിയാനിയിൽ ചാക്കൊ	5	0	0
,,	മൂഴയിൽ തോമസ്	5	0	0
,,	വാട്ടപ്പിള്ളിൽ അരീക്കാട്ടു ചാണ്ടി ജോസഫ്	10	0	0
,,	ഒരു പഴയ ഇടവകക്കാരൻ	50	0	0
,,	കെ. സി. സെബാസ്റ്റ്യൻ	25	0	0
,,	ആർ. എം. ചാക്കൊ	10	0	0
,,	കെ. ജെ. ഇട്ടിയവിരാ	5	0	0
,,	ഇ. ജെ. ജോൺ	5	0	0
,,	എ. ജെ. മാത്തു	5	0	0
,,	വി. റവി. ഇഗ്നേഷ്യസ്	5	0	0
,,	എം. എസ്. ഗോപാലൻ നായർ	4	0	0
,,	കെ. തോമ്മസ്	5	0	0
,,	എം. കെ. ഉലഹന്നൻ	5	0	0
റവ.	ഫാ. കെ. എ. ജോസഫ്	10	0	0
ശ്രീ.	കെ. ഭരതദാസ്	2	0	0
,,	കെ. ഐ. വക്കി	10	0	0
,,	റവി. ജെ. മാത്തു	10	0	0
,,	സി. കെ. തോമ്മസു്	3	0	0
,,	കെ. വക്കി	3	0	0
,,	എ. ആൻറണി	5	0	0
,,	റവി. വക്കി	5	0	0
,,	സി. റവി. മത്തായി	3	0	0

ശ്രീ.	എൻ. വി. ജോസഫ്	3	0	0
,,	ആൻറണി ജോർജ്ജ്	3	0	0
,,	വി. സി. ജോസഫ്	5	0	0
,,	തോമ്മസ് മാത്യൂ	3	0	0
,,	എം. എം. ദേവസ്യാ	5	0	0
,,	എം. എ. സക്കറിയാ	5	0	0
,,	എൻ ററി. മത്തായി	3	0	0
,,	ററി. സി. ലൂക്കോസ്	3	0	0
,,	എം. എൻ. പുരുഷോത്തമൻ നായർ	4	0	0
,,	സൈമൺ ഫിലിപ്പോസ്	3	0	0
,,	പി. സി. മത്തായി	4	0	0
,,	ഡി. കുര്യൻ	1	0	0
,,	പി. എ. ചെറിയാൻ	5	0	0
,,	സി. ജോസഫ്	5	0	0
,,	വി. വി ജോസഫ്	4	0	0
,,	ററി. കെ. തോമ്മസ്	3	0	0
,,	കെ. എൻ. പരമേശ്വരമാരാർ	2	0	0
,,	ചെറിയ്യ് ജോസഫ്	2	0	0
,,	തൊമ്മൻ അവിരാ	1	0	0
,,	കെ. ജെ. സെബാസ്റ്റ്യൻ	25	0	0
,,	കളമുണ്ടയിൽ തൊമ്മൻ അന്തോനി	3	0	0
,,	ചിലമ്പിക്കുന്നേൽ ഉലഹന്നൻ ഔസേപ്പ്	6	0	0
,,	ടി ടി ഉലഹന്നൻ	5	0	0
,,	നട്ടക്കുന്നേൽ ദേവസ്യാ ചാക്കൊ	2	0	0
,,	പഴേപറമ്പിൽ തൊമ്മൻ ആഗസ്തി	8	0	0
,,	നടുവത്താനിയിൽ ചുമ്മാരു ഉലഹന്നൻ	6	0	0
,,	കല്ലുക്കുളത്തു മാത്യു ജോസഫ്	10	0	0
,,	ടി ടി തൊമ്മൻ	7	0	0
,,	കാരിമറ്റത്തിൽ ഔസേപ്പ് മത്തായി	2	0	0
,,	നന്തികാട്ട മത്തായി ആഗസ്തി	7	0	0

ശ്രീ.	കുമ്പുകാട്ട ഔസേപ്പ് തോമ്മസ്	5	0	0
,,	കണ്ടത്തിൽ ആഗസ്തി ജോസഫ്	5	0	0
,,	ആലപ്പുരയ്ക്കൽ ദേവസ്യാ വർഗീസ്	5	0	0
,,	ചിലമ്പിക്കുന്നേൽ ആഗസ്തി ജോസഫ്	5	0	0
,,	കിഴക്കേടത്തു തൊമ്മൻ തൊമ്മൻ	10	0	0
,,	കുരികലേട്ട ഔസേപ്പു മത്തായി	5	0	0
ശ്രീമതി	ആലപ്പുരയ്ക്കൽ റോസ	7	0	0
ശ്രീ.	വെട്ടിക്കൊഴക്കുന്നേൽ മാത്തു ഉലഹന്നൻ	12	0	0
,,	കാരയ്ക്കാട്ട ചാക്കൊ മത്തായി	3	0	0
,,	പുത്തോത്തു അവിരാ ചാക്കൊ	10	0	0
,,	പനച്ചിക്കൽ തൊമ്മൻ ദേവസ്യാ	1	0	0
,,	മുള്ളനാനിക്കൽ ചാക്കൊ തൊമ്മൻ	3	0	0
,,	ടി മാത്തുണ്ണി ചെറിയാൻ	5	0	0
ശ്രീമതി	വടക്കേമുറിയിൽ ജോസഫ് മേരി	6	0	0
ശ്രീ.	വടക്കേമുറിയിൽ മത്തായി അബ്രാഹം	10	0	0
,,	ചെറുചിലമ്പിൽ തൊമ്മൻ ചെറിയാൻ	10	0	0
,,	പുത്തോത്തു തൊമ്മൻ തോമ്മസ്	10	0	0
,,	പുതുപ്പറമ്പിക്കുന്നേൽ ജോസഫ് തോമ്മസ്	5	0	0
,,	കുന്നപ്പിള്ളിൽ വക്കി തോമ്മസ്	5	0	0
,,	പരിന്തിരിക്കൽ തൊമ്മൻ അവിരാ	25	0	0
,,	ആണ്ടോത്തു അവിരാ തോമ്മസ്	15	0	0
,,	ടി ടി ജോസഫ്	15	0	0
,,	സപ്ലണ്ണപ്പിള്ളിൽ ഔരാ ചാക്കൊ	10	0	0
,,	ആണ്ടോത്തു ഔരാ കുര്യൻ	10	0	0
,,	കിഴക്കേക്കര ഔസേപ്പ് ഉലഹന്നൻ	15	0	0
,,	കാരിക്കൊമ്പിൽ മത്തായി മത്തായി	7	0	0
,,	മണിമലതെക്കേൽ ഇത്താക്കു ഔസേപ്പ്	4	0	0
,,	കാഞ്ഞിരത്തുങ്കൽ ഉലഹന്നൻ വക്കി	10	0	0
,,	കുമ്പളന്താനത്തു ഔസേപ്പ് അന്തോനി	5	0	0
,,	ശൗര്യാങ്കുഴിയിൽ ഔസേപ്പ് തൊമ്മൻ	0	8	0

ശ്രീ.	പുൽത്തകടിയേൽ തൊമ്മൻ ജോസഫ്	5	0	0
,,	പനച്ചിക്കൽ തൊമ്മൻ മത്തായി	5	0	0
,,	മേത്തല വക്കി മത്തായി	10	0	0
,,	ടി മത്തായി മത്തായി	5	0	0
,,	വെള്ളമറ്റത്തു തൊമ്മൻ തൊമ്മൻ	5	0	0
,,	അടിച്ചിലാമ്മാക്കൽ ഉലഹന്നൻ തൊമ്മൻ	10	0	0
,,	ടി ഔസേപ്പു വക്കി	7	0	0
,,	കിഴക്കേമുറിയിൽ അന്തോനി മത്തായി	10	0	0
,,	കാരിക്കൊമ്പിൽ വക്കി ഔസേപ്പ്	2	0	0
,,	മണിക്കുറിയിൽ പോത്തൻ ഔസേപ്പ്	5	0	0
,,	പുൽത്തകടിയേൽ തൊമ്മൻ ഔസപ്പ്	5	0	0
,,	ടി ടി ചാക്കൊ	5	0	0
,,	ടി ചാക്കൊ ഔസേപ്പ്	5	0	0
,,	നട്ടക്കുന്നേൽ ചാക്കൊ ചാക്കൊ	5	0	0
,,	ടി ദേവസ്യാ ദേവസ്യാ	5	0	0
ശ്രീമതി	നട്ടക്കുന്നേൽ കുരോട്ട ഏലി	1	0	0
,,	ചാലിൽ മറിയം	0	10	0
ശ്രീ.	പുതുപ്പറമ്പിക്കുന്നേൽ തൊമ്മൻ സ്കറിയാ	10	0	0
,,	ചാലിൽ കുര്യൻ ഔസേപ്പ്	1	0	0
,,	മുക്കാലിൽ തൊമ്മൻ ചെറിയ്യ	3	0	0
,,	പന്തലാടിക്കൽ ഔസേപ്പ് സ്കറിയാ	1	0	0
,,	ഗണപതിപ്ലാക്കൽ മത്തായി മത്തായി	5	0	0
,,	മുണ്ടമറ്റത്തു ജോസഫ് ജോസഫ്	10	0	0
,,	ടി ഔസേപ്പ് ചാക്കൊ	10	0	0
,,	പുഞ്ചക്കുന്നേൽ വർഗീസ് കുരുവിള	15	0	0
,,	വട്ടോത്തു ഔസേപ്പ് വക്കി	10	0	0
,,	ശൗര്യാങ്കുഴിയിൽ മത്തായി ചാക്കൊ	10	0	0
,,	കാരിക്കക്കുന്നേൽ വക്കി	5	0	0
,,	കടപ്പൂർ വക്കി തൊമ്മൻ	10	0	0
,,	പുളിന്താനത്തു തൊമ്മൻ	2	0	0

ശ്രീ.	വെള്ളാപ്പാട്ട തൊമ്മൻ തൊമ്മൻ	10	0	0
,,	ആണ്ടറോത്തു ഔരാ അബ്രാഹം	7	0	0
,,	മുറികല്ലേൽ ഉതുപ്പ് ജോസഫ്	8	0	0
,,	മറ്റത്തിൽ തൊമ്മൻ ഔസേപ്പ്	5	0	0
,,	പതുപ്പിള്ളിൽ ഉലഹന്നൻ ചെറിയാൻ	4	0	0
,,	പുരയിടത്തിൽ തോമ്മസ് ജോൺ	7	0	0
,,	വരകുകാലായിൽ ഔസേപ്പ് മത്തായി	2	0	0
,,	മേനാമ്പറമ്പിൽ തൊമ്മൻ ചെറിയ്യ	25	0	0
,,	നിധിയടത്തുകുന്നേൽ ഔസേപ്പ് സ്കറിയാ	3	8	0
,,	വില്ലൻകല്ലേൽ തൊമ്മൻ ഔസേപ്പ്	5	0	0
,,	ഏലവുങ്കുന്നേൽ വക്കി തോമ്മസു്	3	0	0
,,	പുളിക്കീൽ ചെറിയ്യ ചെറിയ്യ	5	0	0
,,	കേളപ്പനാൽ മാത്തു തൊമ്മൻ	10	0	0
,,	കഴത്തുവീട്ടിൽ തൊമ്മൻ വക്കി	6	0	0
,,	മണിക്കൊമ്പേൽപുറത്തു ചാക്കൊ ഔസേപ്പ്	10	0	0
,,	ടി കുര്യൻ മാണി	1	0	0
,,	കളപ്പുരയ്ക്കൽ മത്തായി വക്കി	25	0	0
,,	കേളപ്പനാൽ ഉലഹന്നൻ ചുമ്മാരു്	2	0	0
,,	പതിയിൽ ഉതുപ്പ് മത്തായി	10	0	0
,,	പുളിക്കൽ മാത്യു ജോസഫ്	10	0	0
,,	ടി മാത്യു മത്തായി	3	0	0
,,	മേനാമ്പറമ്പിൽ തൊമ്മൻ മൈക്കിളം	25	0	0
,,	മണിക്കൊമ്പേൽ മാണി മാണി	10	0	0
,,	കഴത്തുവീട്ടിൽ തൊമ്മൻ തൊമ്മൻ	5	0	0
,,	മുള്ളൂർ ചെറിയ്യ ആഗസ്തി	3	0	0
,,	വളയത്തിൽ കുറുമ്പുറത്തു ചാക്കൊ കുര്യൻ	1	0	0
,,	പാലത്തുങ്കൽ ചെറിയ്യ ദേവസ്യാ	3	0	0
,,	പുളിക്കൽ അയ്പ് തൊമ്മൻ	15	0	0
,,	വാണിയടത്തു ഔരാ മാത്യു	3	0	0
,,	കല്ലുക്കുന്നേൽ ജോസഫ് ജോസഫ്	25	0	0

ശ്രീ.	കഴത്തുവീട്ടിൽ ഫിലിപ്പ്	5	0	0
,,	കരോട്ടകയ്യൻപ്ലാക്കൽ മത്തായി തോമ്മസു്	5	0	0
,,	പുളിക്കൽ (വാലേപന്തിയിൽ) ഐപ്പു കുര്യൻ	20	0	0
,,	പെണ്ണിക്കൽ തൊമ്മൻ തൊമ്മൻ	5	0	0
,,	മ്ളാവട തൊമ്മൻ ചെറിയ്യ	20	0	0
,,	കുളത്തുയിൽ ആഗസ്തി ആഗസ്തി	3	0	0
,,	കണ്ടത്തിൽ തൊമ്മൻ തൊമ്മൻ	3	0	0
,,	മാട്ടേൽ തൊമ്മൻ ജോസഫ്	10	0	0
,,	മേനാമ്പറമ്പിൽ തൊമ്മൻ വക്കി	20	0	0
,,	മാടപ്പാട്ട തൊമ്മൻ തൊമ്മൻ	10	0	0
,,	ടി കുര്യൻ ഔസേപ്പ്	10	0	0
,,	ഞാളയ്ക്കാട്ട മത്തായി ജോസഫ്	10	0	0
,,	കുന്നംപുറത്തു ഔസേപ്പു് അന്തോനി	10	0	0
ശ്രീമതി.	തെക്കേക്കുന്നംപുറത്തു ഉലഹന്നൻ അന്ന	10	0	0
ശ്രീ.	ക്രുട്ടിയാനിയിൽ തോമ്മസു് സെബാസ്റ്റ്യൻ	10	0	0
,,	അരീക്കാട്ടതാഴെ ഫ്രാൻസീസു് തൊമ്മൻ	10	0	0
,,	പുഞ്ചക്കുന്നേൽ വർഗീസു് ജോസഫ്	5	0	0
,,	ടി തൊമ്മൻ കുരുവിള	10	0	0
,,	മുക്കാലിക്കുന്നേൽ തൊമ്മൻ മത്തായി	0	8	0
,,	വടയാറു വക്കി തോമ്മസു്	2	0	0
,,	നെച്ചിക്കാട്ട ജോസഫ് ജോൺ	10	0	0
,,	ടി ജോസഫ് ജോസഫ്	10	0	0
,,	മണിയഞ്ചിറെ (നെല്ലിക്കക്കുന്നേൽ) ചാക്കൊ മത്തായി	10	0	0
,,	കുടംകെട്ടിയിൽ തൊമ്മൻ കുര്യൻ	7	0	0
,,	മലമാക്കൽ വെള്ളാപ്പാണിയിൽ ചെറിയ്യ മാണി	5	0	0
,,	തുമ്പശ്ശേരിൽ ഇട്ടേപ്പ് ജോസഫ്	20	0	0
,,	തച്ചങ്കേരിൽ കോര ചാറത്സ്	10	0	0
,,	ക്രുട്ടിനാൽ ദേവസ്യാ വക്കി	6	0	0
,,	മണിയഞ്ചിറക്കുന്നേൽ ഔസേപ്പ് ചാണ്ടി	10	0	0

ശ്രീ.	മണിയഞ്ചിറെ ചാക്കൊ ചാക്കൊ	2	0	0
,,	തുമ്പശ്ശേരിൽ വക്കി ജോസഫ്	10	0	0
,,	കണിയാരശ്ശേരിൽ ജോസഫ് തോമ്മസ്	5	0	0
,,	ക്രുട്ടിയാനിയിൽ തൊമ്മൻ തൊമ്മൻ	10	0	0
,,	മലമാക്കൽ ചാക്കൊ ചെറിയ്യ	3	0	0
,,	നെച്ചിക്കാട്ടുവെള്ളാപ്പാണിയിൽ ചെറിയ്യ ജോൺ	5	0	0
,,	വടക്കേമുറിയിൽ ജോസഫ് തോമ്മസ്	5	0	0
,,	മണിമലപ്പുരയിടത്തിൽ ഉലഹന്നൻ തൊമ്മൻ	10	0	0
,,	പുത്തോത്തു വെള്ളാപ്പാണിയിൽ വക്കി ഔരാ	7	0	0
,,	മുട്ടുചിറ വെള്ളാപ്പാണിയിൽ തൊമ്മൻ വക്കി	1	0	0
,,	നരിപ്പാറെ വെള്ളാപ്പാണിയിൽ തൊമ്മൻ വക്കി	3	0	0
,,	വട്ടമല വെള്ളാപ്പാണിയിൽ ജോസഫ് ജോസഫ്	5	0	0
,,	പാലാത്തു കോര തോമസ്	2	0	0
,,	ടി തൊമ്മൻ മാത്തു	1	0	0
,,	താന്നിക്കൽ വക്കി ദേവസ്യാ	1	0	0
,,	പാഴൂക്കുന്നേൽ ഔസേപ്പു ചാക്കൊ	1	0	0
,,	തൈക്കുട്ടത്തിൽ ദേവസ്യാ ദേവസ്യാ	7	0	0
,,	നെല്ലിക്കൽ മത്തായി ദേവസ്യാ	2	0	0
,,	കുഴിയാംപ്ലാവിൽ പുന്നുസ് തൊമ്മൻ	15	0	0
,,	പുളിന്താനത്തു ചെറിയാൻ ജോസഫ്	2	0	0
,,	കുമ്പുക്കൽ തൊമ്മൻ വക്കി	3	0	0
,,	അറക്കൽ ഉലഹന്നൻ വക്കി	5	0	0
,,	പുത്തേട്ടു കുര്യൻ	10	0	0
,,	ടി മാണി	5	0	0
,,	വെട്ടത്തു തൊമ്മൻ ജോസഫ്	10	0	0
,,	തറക്കുന്നേൽ ഔസേപ്പു ദേവസ്യാ	5	0	0
,,	മുളയ്ക്കൽ ചാണ്ടി ചാണ്ടി	2	0	0
,,	നീലിയറ ചെറിയ്യ ചെറിയ്യ	16	0	0
ശ്രീമതി	കാഞ്ഞിരത്തിനാൽ ഔസേപ്പ് ഏലി	1	0	0
,,	പന്തപ്പാക്കൽ മറിയം	0	11	0

ശ്രീ.	മംഗലത്തിൽ സ്കറിയാ വക്കി	1	0	0
"	വെട്ടിക്കൽ മത്തായി ചാണ്ടി	2	0	0
"	മങ്ങലത്തിൽ ഇട്ടിയവിരാ ഉമ്മിനി	1	0	0
"	വെട്ടിക്കൽ മത്തായി തൊമ്മൻ	3	0	0
ശ്രീമതി	എഴവനാൽ കുര്യൻ മറിയം	1	0	0
ശ്രീ.	വെട്ടിക്കൽ മത്തായി മത്തായി	2	0	0
"	കാരിക്കക്കുന്നേൽ തൊമ്മൻ മത്തായി	1	0	0
"	ടി ടി തോമ്മസ്	5	0	0
"	വയലിൽ(കളപ്പുരമലയിൽ) ദേവസ്യാ ജോസഫ്	100	0	0
"	കെ. എ. ഇട്ടിയവിരാ	10	0	0
"	കൊങ്ങോലെ കുര്യാക്കോസ്	30	0	0
	ആകെത്തുക	3542	1	0

കവീക്കുന്നുഭാഗം

ശ്രീ.	കിഴക്കയിൽ ദേവസ്യാ ഔസേപ്പ്	5	0	0
"	കൊച്ചുപറമ്പിൽ (പടവിൽ) തൊമ്മൻ	5	0	0
"	പനക്കൽ മത്തായി ജോസഫ്	5	0	0
"	ഊട്ടുകുളത്തിൽ ഔസേപ്പ്	2	0	0
"	അഞ്ചേരിൽ സ്കറിയാ	10	0	0
"	ചീരാങ്കുഴിയിൽ കുര്യൻ	10	0	0
"	അഞ്ചേരിൽ ഈപ്പൻ	10	0	0
"	കണ്ടനാട്ട ഔസേപ്പ്	15	0	0
"	ചക്കൻകുളത്തു മാത്തു	20	0	0
"	വെട്ടുകാട്ടിൽ മത്തായി	5	0	0
"	പൊരുന്നോലിൽ മത്തായി സ്കറിയാ	15	0	0
"	പടവിൽ തൊമ്മൻ	10	0	0
"	പൊരുന്നോലി വള്ളമുണ്ടയിൽ തൊമ്മൻ	10	0	0
"	ചക്കൻകുളത്തു തൊമ്മൻ	10	0	0
"	മുതുപാറക്കുന്നേൽ ഔസേപ്പ്	5	0	0
"	പൊരുന്നോലിൽ ജോൺ	10	0	0

ശ്രീ.	തെങ്ങുംപിള്ളിൽ ലൂക്കാ	5	0	0
,,	,, മത്തായി	2	0	0
,,	കളളിക്കാട്ടിൽ കുര്യൻ	10	0	0
,,	,, സേവ്യർ	5	0	0
,,	പഴെപുരക്കൽ കുര്യൻ	5	0	0
,,	കളളിക്കാട്ടിൽ ചെറിയ തൊമ്മൻ	25	0	0
,,	മണ്ണാരാമ്പറമ്പിൽ മാത്തു	10	0	0
,,	കിഴക്കേക്കര ഔസേപ്പ്	2	0	0
,,	പടവിൽ ഉണിച്ചെറിയ	5	0	0
,,	മൊകാലെ ഔസേപ്പ് ജോസഫ്	3	0	0
,,	പനക്കച്ചാലിൽ ഔസേപ്പ്	2	0	0
,,	പടവിൽ ഔത	10	0	0
,,	പൊരുന്നോലിൽ സ്കറിയാ	10	0	0
	കവിക്കുന്നുഭാഗം ആകെ	241	0	0

മുത്തോലിഭാഗം

,,	കണ്ണേഴത്തു ഉലഹന്നൻ	1	0	0
,,	ഐക്കരയിൽ ഔത	5	0	0
,,	മാധവപ്പിള്ളിൽ പനച്ചിക്കൽ വർഗീസ്	3	0	0
,,	തെത്തോട്ടത്തിൽ ജോൺ	1	0	0
,,	പ്ലാത്തോട്ടത്തിൽ ഔത	0	8	0
,,	വെട്ടിക്കാട്ടു ഉമ്മിനി	3	0	0
,,	തെക്കേകോയിപ്പുറത്തു ഫിലിപ്പ്	2	0	0
,,	മണ്ണക്കൊല്ലപ്പിള്ളി	1	0	0
,,	കോയിപ്പുറത്തു കുഞ്ഞൊമ്മൻ	5	0	0
,,	മഞ്ഞക്കുഴക്കുന്നേൽ ജോൺ	1	0	0
,,	വേഴമ്പച്ചേരിൽ തോമസ്	1	0	0
,,	കൊല്ലറേത്തു ജോൺ	0	8	0
,,	പുളിക്കൽ അവിരാ	1	0	0
,,	ടി മത്തായി	0	8	0

ശ്രീ.	മണ്ണൂർ ഉലഹന്നൻ	1	0	0
,,	എലവുങ്കൽ മാണി	1	0	0
,,	തൊട്ടുകയിൽ മാണി	1	0	0
,,	പന്നിമലക്കുന്നേൽ വക്കി	0	8	0
,,	വാതല്ലൂർ ദേവസ്യാ	1	0	0
,,	പൊയ്യക്കൽ വക്കി	0	8	0
,,	മണക്കണ്ടത്തിൽ തൊമ്മൻ	1	0	0
,,	പുളിക്കീൽ മത്തായി	0	4	0
,,	വടക്കേമുറിയിൽ ഫിലിപ്പ്	0	12	0
,,	കിഴക്കേ നാഗന്തുലിൽ ഔസേപ്പു മത്തായി	3	0	0
,,	മടത്തിക്കാട്ടുകുന്നേൽ ഈപ്പൻ	2	0	0
,,	തലക്കുളത്തിൽ തോമ്മാ	1	0	0
,,	കിഴക്കെ നാഗന്തുലിൽ മത്തായി പോത്തൻ	3	0	0
	മുത്തോലിഭാഗം ആകെ	41	8	0

ഇളംതോട്ടം ഭാഗം

ശ്രീ.	പാമ്പക്കൽ ജോസഫ്	2	0	0
,,	വരിക്കമാക്കൽ മത്തായി	2	0	0
,,	തെക്കുംകാട്ടിൽ തൊമ്മൻ	1	0	0
,,	വരിക്കമാക്കൽ ദേവസ്യാ	1	0	0
,,	മൂന്നോലിക്കൽ ജോസഫ്	3	0	0
,,	കുന്നേൽ ചാക്കോച്ചൻ	10	0	0
,,	മൂന്നോലിക്കൽ ഉലഹന്നൻ	2	0	0
,,	കൊളങ്ങരെ (പുളിക്കൽ) വക്കി	5	0	0
,,	കുന്നേൽ തൊമ്മച്ചൻ	15	0	0
,,	വടക്കൻ ചാണ്ടി ചാക്കോ	3	0	0
,,	തെക്കുംകാട്ടിൽ പ്രഞ്ഞു	3	0	0
,,	പൂവേലിൽ തൊമ്മൻ ജോസഫ് (കുട്ടി)	10	0	0
,,	വരിക്കമാക്കൽ പുത്തൻപുരയിൽ	6	0	0
,,	വരിക്കമാക്കൽ ചാക്കോ ഔസേപ്പ്	3	0	0

ശ്രീ.	കിഴക്കേക്കര ഇളംതോട്ടത്തിൽ വക്കി	8	0	0
,,	കിഴക്കേക്കര വാകാനിയിൽ ചെറിയാൻ	10	0	0
,,	കിഴക്കേക്കര പുലിമലക്കുന്നേൽ തൊമ്മൻ	15	0	0
,,	കിഴക്കേക്കര ഇളംതോട്ടത്തിൽ മത്തായി	10	0	0
,,	കിഴക്കേക്കര തട്ടാമ്പറമ്പിൽ ഔസേപ്പ്	15	0	0
,,	കിഴക്കേക്കര പുത്തൻപുരയിൽ മത്തായി	15	0	0
,,	കിഴക്കേക്കര പുലിമലക്കുന്നേൽ ഇട്ടിച്ചെറിയ	10	0	0
,,	കിഴക്കേക്കര കുന്നുക്കൽ അഗസ്തി	2	0	0
,,	എടേട്ട തൊമ്മൻ ജോജ്ജ്	3	0	0
,,	പീടിയേക്കൽ ഔരാ തൊമ്മൻ	1	0	0
,,	വരിക്കമാക്കൽ മത്തായി തൊമ്മൻ	1	0	0
,,	,, വക്കി	0	8	0
,,	ഇടമുള ഉലഹന്നൻ ചാക്കൊ	1	0	0
,,	പീടിയേക്കൽ ഉലഹന്നൻ	1	0	0
ശ്രീമതി	ഇടമുള കുര്യൻ ഏലി	0	8	0
ശ്രീ.	ഇടമുള ദേവസ്യാ തൊമ്മൻ	0	8	0
,,	മേട്ടേൽ ഔസേപ്പ്	1	0	0
,,	എടേട്ട തൊമ്മൻ തൊമ്മൻ	1	0	0
,,	തെക്കേകണ്ടത്തിൽ കുര്യാക്കൊ	5	0	0
,,	വടക്കൻ തൊമ്മൻ ചാക്കൊ	10	0	0
,,	തെക്കുംകാട്ടിൽ ചാക്കൊ തൊമ്മൻ	0	4	0
,,	ഇല്ലിമൂട്ടിൽ തൊമ്മൻ ഔസേപ്പ്	2	0	0
,,	എടേട്ട തൊമ്മൻ ദേവസ്യാ	3	0	0
,,	വടക്കൻ ചാക്കൊ ചാണ്ടി	2	0	0
,,	മേട്ടേൽ ഔസേപ്പ്	2	0	0
	ഇളംതോട്ടംഭാഗം ആകെ	184	12	0

മുണ്ടങ്കൽ ഭാഗം

,,	പുതുമന വക്കി	10	0	0
,,	കൊട്ടാരത്തിൽ മാത്യു	5	0	0
,,	കൈതോലിൽ ഇട്ടിച്ചെറിയ	5	0	0

ശ്രീ.	പഴയ കൈതോലിൽ കുര്യാക്കൊ	5	0	0
,,	മൈലാട്ടൂർ ഒചറിയാൻ	2	0	0
,,	തെരുവിൽ മാണി	5	0	0
,,	കളപ്പുരയിൽ വക്കി	10	0	0
,,	ചക്കാലയിൽ ഔസേപ്പ്	2	0	0
,,	മുണ്ടാങ്കൽ ചെറിയാൻ	2	0	0
,,	കാടൻകാവിൽ തോമസു	5	0	0
,,	തെരുവിൽ ഔസേപ്പ്	5	0	0
,,	വരകിപ്പറമ്പിൽ ഔസേപ്പ്	5	0	0
,,	ഓടക്കൽ ചെറിയ മത്തായി	1	0	0
,,	കാരനാട്ട ഇട്ടിയവിരാ	2	0	0
,,	ഓടക്കൽ തോമ്മാ	5	0	0
ശ്രീമതി	തെരുവിൽ അച്ചാമ്മ	2	0	0
ശ്രീ.	കല്ലറക്കൽ തൊമ്മൻ	1	0	0
,,	വട്ടക്കാനാൽ ദേവസ്യാ	5	0	0
,,	വള്ളോൻപുരയിടത്തിൽ ജോസഫ്	5	0	0
,,	ഓടക്കൽ കുര്യൻ	2	0	0
,,	മണിമല ഔസേപ്പ്	3	0	0
,,	കാരനാട്ട ചാക്കൊ	5	0	0
,,	പനക്കൽ തൊമ്മൻ	5	0	0
,,	കല്ലറക്കൽ ഔസേപ്പ്	0	10	0
,,	പാതിപ്പുരയിടത്തിൽ ദേവസ്യാ	1	0	0
,,	കാരനാട്ട തൊമ്മൻ	1	0	0
,,	പാതിപ്പുരയിടത്തിൽ തൊമ്മൻ	3	0	0
,,	ഓടക്കൽ ഔസേപ്പ്	5	0	0
,,	വരകിപ്പറമ്പിൽ തൊമ്മൻ	5	0	0
,,	ഇല്ലിമൂട്ടിൽ പാപച്ചൻ	5	0	0
,,	കൊട്ടാരത്തിൽ കുര്യാക്കൊ	5	0	0
,,	ഇല്ലിമൂട്ടിൽ കുരുവിള	5	0	0
	മുണ്ടാങ്കൽഭാഗം ആകെ	127	10	0

ജൂബിലി ആഘോഷങ്ങളുടെ വരവുചിലവു് കണക്കു്.

ജൂബിലിപ്പിരിവു വക വരവു്.

ക. പള്ളികം	കവീക്കുന്നു	241	0	0
	മുത്തോലി	41	8	0
	ഇളംതോട്ടം	184	12	0
	മുണ്ടാങ്കൽ	127	10	0
ടി. കുരിശുപള്ളി അതുത്തിയിലേ നീക്കിയുള്ള പിരിവു്		3542	1	0
ആകെ വരവു്		4136	15	0

ജൂബിലിച്ചിലവുകം

പന്തൽ കെട്ടിയതിനു്	490	0	0
പന്തൽ, വീഥി, ഇവ അലങ്കരിച്ചതിനു് ...	1450	0	0
ലൈററിംഗു്, വഴിവെട്ടു്, വിതാനിപ്പു് ...	482	6	0
കർത്താവിനാം തിരുമേനിക്കു കൊടുത്ത ആനക്കൊമ്പും സ്വർണ്ണവും കൊണ്ടുള്ള കുലശേരു 1-നു് ചിലവു്	355	0	0
സദ്യച്ചിലവു്	364	1	6
പുതിയ കത്തീഡ്രലിനുള്ള സ്ഥലം നിരപ്പാക്കിയതിനു്	280	0	0
പ്ലാററുഫോമിനുള്ള പലക, പട്ടിക, ആറപ്പുക്രൂലി	159	0	0
ഫോട്ടോ എടുത്തതിനു്	48	0	0
ഇല്യുമിനേഷൻ ചാർജ്ജു്	32	0	0
ഉച്ചഭാഷിണിക്കു വാടക	25	0	0
2 പെട്ടി തിരി വാങ്ങിയതിനു് ...	24	2	0
ക്ഷണക്കത്തു് അച്ചടിച്ചതിനു് ...	5	14	0
ക്ഷണക്കത്തയച്ചതിനു സ്റ്റാമ്പു് ...	17	5	0
കുരിശിനു തടിവില, പണിക്രൂലി ...	9	8	0
ജൂബിലിറിപ്പോർട്ടു് 600 കോപ്പി, ബ്ലോക്കു്, etc.	461	11	3
ആകെ ചിലവു്	4203	15	9

ആകെ ചിലവു്	4203	15	9
ആകെ വരവു്	4136	15	0
മിച്ചം ചിലവു്	67	0	9

...	...	...	...
...	...	...	...
...	...	...	...

CT Library
00095402
J63 P170



സെൻറ് തോമ്മസ് പ്രസ്സ് പാലാ

Printed at the St. Thomas Press, Palai.

BK